200

# വിദ്യാഭ്യാസ പ്രക്ഷോഭണവും അതിൻെറ പിന്നിലെ ശക്തികളും

LOCAL LIBRARY AUTHORITY
BRANCH LIBRARY
MANNARGHAT.
712

**കോൺഗ്രസ് രാഷ്ട്രീയത്തിൻെറ തിരിക്കുററി വിദ്യാഭ്യാസപ്രശ്നമോ ?**

4483
712

ജോസഫ് മുണ്ടശ്ശേരി

# വിദ്യാഭ്യാസപ്രക്ഷോഭണവും
# അതിൻെറ പിന്നിലെ ശക്തികളും.

കാൺഗ്രസ് രാഷ്ട്രീയത്തിൻെറ തിരിക്കുററി
വിദ്യാഭ്യാസപ്രശ്നമോ?

PALGHAT LOCAL LIBRARY AUTHORITY
MANNARGHAT.
BRANCH LIBRARY
SR. 200

ജോസഫ് മുണ്ടശ്ശേരി

പ്രഭാത് ബുക്ക് ഹൗസ്

ജൂൺ 1959

പ്രസാധകർ :

പ്രഭാതം പ്രിന്റിംഗ് ആൻറ് പബ്ളിഷിംഗ് കമ്പനി
പ്രൈവററ് ലിമിറ്റഡ്

വില : 35 ന. പ.

അച്ചടി യൂണിയൻ പ്രസ്സ് തിരുവനന്തപുരം.

ഇന്നു നിലവിലുള്ളമാതിരി വിദ്യാഭ്യാസം നമ്മുടെ സംസ്ഥാനത്താരംഭിച്ചിട്ടിപ്പോൾ ഏതാണ്ടു് ഒന്നേകാൽ നൂററാണ്ടായിരിക്കുന്നു. 1834—36 എന്നീ വർഷങ്ങളിലാണു് ഒന്നാമതായി പൊതു് വിദ്യാലയങ്ങൾ ഇന്നാട്ടിൽ ഏർപ്പെടുത്തിയതു്. അതിനു മുൻകൈ എടുത്തതു് ബ്രിട്ടീഷ് ഭരണമേധാവികളും അവരോടൊത്തുനിന്ന കൊച്ചിതിരുവിതാംകൂർ നാട്ടുരാജാക്കന്മാരും, ബ്രിട്ടീഷ് ഭരണത്തിൻെറ തണലിൽ ഇവിടെ പ്രവർത്തിക്കാൻ വന്ന മിഷണറിമാരുമാണു്. അക്കാലത്തു് വിദ്യാഭ്യാസംപോലുള്ള കാര്യങ്ങൾക്കുത്തരവാദപ്പെടേണ്ടതു് ഗവർമ്മെൻറാണെന്നുള്ള ധാരണ ഉണ്ടായിരുന്നില്ല. നിയമസമാധാനങ്ങൾ പാലിക്കലും മററുമാണു് അന്നൊക്കെ ഗവർമ്മെൻറിൻെറ കടമയായി കരുതപ്പെട്ടിരുന്നതു്. തന്നിമിത്തം വിദ്യാഭ്യാസാദികാര്യങ്ങൾ മിക്കവാറും ഗവർമ്മെൻറിനു പുറത്തു നിന്നിരുന്ന വ്യക്തികളും സ്ഥാപനങ്ങളുമാണു് ഏറെറടുത്തു് നടത്തിയിരുന്നതു്. അമ്മാതിരി പ്രവർത്തനങ്ങൾക്കു് ഗവർമ്മെൻറിൽനിന്നു് വേണ്ടത്ര സഹായ സഹകരണങ്ങൾ നൽകിയിരുന്നു. മാതൃകക്കായി ചുരുക്കം ചില വിദ്യാലയങ്ങൾ ഗവർമ്മെൻറിൽനിന്നു് നേരിട്ടു നടത്താതിരുന്നില്ല. അങ്ങനെ സമാരംഭിക്കപ്പെട്ട വിദ്യാഭ്യാസ പരിപാടിയിൽ ഏതേതുവിഷയങ്ങൾ ഏതേതുതരത്തിൽ പഠിപ്പിക്കണമെന്നു് വ്യവസ്ഥപ്പെടുത്തിയതു് ബ്രിട്ടീഷ്ഭരണമേധാവികളാണു്. അതിലേക്കു് അവർക്കന്നു വഴികാട്ടിയതോ, അന്നവർക്കു് രാജ്യഭരണത്തിൻെറ മേഖലയിൽ നേരിടേണ്ടിവന്ന ആവശ്യങ്ങൾതന്നെ. ഭരണമേധാവികൾ നിർദ്ദേശിച്ച പാഠപദ്ധതിക്കുള്ളിൽ ഏറക്കുറെ ഒതുങ്ങിനിന്നുകൊണ്ടു് മിഷണറിമാർ തങ്ങളുടെ താല്പര്യങ്ങൾ നിറവേററാനുള്ള പരിപാടിയും ആസൂത്രണം ചെയ്തു. ഇതിലെല്ലാം അടങ്ങിയിരു

ന്ന ആന്തരോദ്ദേശങ്ങളെ അന്നത്തെ ജനങ്ങൾ ചോദ്യംചെയ്തില്ല. ഇംഗ്ലീഷ് ഭാഷയും അതിലൂടെ കുറെ പുതിയ കാര്യങ്ങളും പഠിച്ചു പരീക്ഷ പാസ്സായാൽ ഉദ്യോഗം കിട്ടുമെന്നുകണ്ടപ്പോൾ ജനങ്ങൾ വിദ്യാഭ്യാസപദ്ധതിയുടെ ഉള്ളിലേയ്ക്കു കടന്നു് പരിശോധനക്കു് ഒരുമ്പെട്ടില്ലെന്നേയുള്ളു.

**പഴയകോഡ്**

ഏതാനുംകൊല്ലങ്ങൾക്കുള്ളിൽ പുതിയതരത്തിലുള്ള വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിച്ചുവശായി. അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും ധാരാളമായി. പാഠക്രമങ്ങൾക്കും അദ്ധ്യാപകയോഗ്യതകൾക്കും പരീക്ഷകൾക്കുമെല്ലാം ഏതാണ്ടൊരു സാധാരണീകരണം കൂടിയേ കഴിയൂ എന്നുവന്നു. ആരാണതു ചെയ്യേണ്ടിയിരുന്നതു്? അന്നത്തെ ഗവർമ്മെൻറുകളല്ലാതെ മററാരുമല്ലായിരുന്നു. മദിരാശിയിലും കൊച്ചിയിലും തിരുവിതാംകൂറിലും അന്നു നിലവിലുണ്ടായിരുന്ന ഗവർമ്മെൻറുകൾ വിദ്യാഭ്യാസരംഗത്തെ പ്രവൎത്തനങ്ങൾ നിജപ്പെടുത്താൻ മുന്നോട്ടുവന്നു. പ്രൈമറി—സെക്കൻററി നിലവാരങ്ങളിൽഇത്രകൊല്ലത്തെ പഠിപ്പു്, പഠിക്കേണ്ടതു് ഇന്നയിന്ന വിഷയങ്ങൾ, പഠിപ്പിക്കുന്ന അദ്ധ്യാപകന്മാൎക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ ഇന്നിന്നിവ, എന്നിങ്ങനെയുള്ള എല്ലാകാൎയ്യങ്ങളെസംബന്ധിച്ചും ഗവമ്മെൻറിൽനിന്നും വ്യവസ്ഥകൾ ഏൎപ്പെടുത്തി. അവയെല്ലാം ഉൾക്കൊണ്ടതായിരുന്നു അക്കാലത്തെ വിദ്യാഭ്യാസ കോഡ്. സ്കൂൾ നടത്തിപ്പിലേയ്ക്കു് ഗവർമ്മെൻറിൽനിന്നു നൽകേണ്ട ധനസഹായത്തെക്കുറിച്ചും ചട്ടങ്ങൾ ഉണ്ടായി. മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും ആ ചട്ടങ്ങൾ മൂന്നുവിധത്തിലായിരുന്നു എന്നൊരു പ്രത്യേകതയുണ്ടു്. വിദ്യാഭ്യാസരംഗത്തുവന്ന ഈ ക്രമവല്ക്കരണത്തിൻെറ ഫലമായി വിദ്യാലയങ്ങളുടെ സ്വഭാവത്തെ സംബന്ധിച്ചിടത്തോളം ആശാസ്യമായൊരു തീരുമാനം

M616



ഉണ്ടായെന്നു പറയാം. **നടത്തുന്ന ഏജൻസികൾ ഏതെല്ലാമായാലും വേണ്ടില്ല, എല്ലാ വിദ്യാലയങ്ങളും ഒരേസമ്പ്രദായത്തിൽ പ്രവർത്തിക്കുന്നവ ആയിരിക്കണമെന്നതാണു് ആ തീരുമാനം.** വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെച്ചൊല്ലി വിഭാഗീയത്വം പാടില്ല എന്നത്ഥം. ഇതു പറയുന്നതുകൊണ്ടു് അക്കാലത്തു മിഷണറിമാർ ഏർപ്പെടുത്തിയിരുന്ന വിദ്യാലയങ്ങളിൽ വിശേഷവിധിയായി ഒന്നും നടന്നിരുന്നില്ല എന്നത്ഥമാക്കേണ്ടതില്ല. അംഗീകൃതപാഠപദ്ധതികൾക്കു് വിഘ്നം നേരിട്ടുവിക്കാതെ ബൈബിളുംമററും പഠിപ്പിക്കാൻ അവർ മനസ്സിരുത്തിപ്പോന്നിരുന്നു. ഇപ്പോഴും സ്കൂൾസമയത്തിനു മുമ്പോ പിമ്പോ അതാതു സമുദായങ്ങളുടെ താല്പര്യമനുസരിച്ചു് മതപാഠങ്ങൾ ഏർപ്പെടുത്താം എന്നു ഗവമ്മെൻറു സമ്മതിച്ചിട്ടുള്ളതു്, പ്രാരംഭദശയിൽ മിഷണറിമാർ കൈക്കൊണ്ടിരുന്ന പരിപാടിയെ വകയിരുത്തിക്കൊണ്ടാണു്.

## പ്രൈവററുസ്കൂളും സ്റ്റേററുസഹായവും

കാലം കുറേക്കൂടിച്ചെന്നപ്പോൾ അദ്ധ്യാപകന്മാക്കു് ന്യായമായതോതിൽ പ്രതിമാസം ശമ്പളം കൊടുക്കണമെന്ന പ്രശ്നം പൂർവാധികം ശ്രദ്ധേയമായിത്തീർന്നു. അതിനുമുമ്പു് ഗ്രേഡോ സ്കെയിലോ ഒന്നും ഉണ്ടായിരുന്നില്ല, അദ്ധ്യാപകന്മാക്കു്. ഗവർമ്മെൻറുസ്കൂളുകളിൽ ഗ്രേഡുകൾ നിജപ്പെടുത്തിക്കണ്ടപ്പോൾ പ്രൈവററുസ്കൂളുകളിലും അതുപോലെ വേണ്ടതല്ലയോ എന്നുള്ള ചോദ്യം പൊന്തിവന്നു. വിദ്യാത്ഥികളിൽനിന്നു പിരിച്ചിരുന്ന ഫീസുകൊണ്ടു മാത്രം പ്രൈവററുസ്കൂളുകളിലെ അദ്ധ്യാപകന്മാക്കു് ന്യായമായതോതിൽ ശമ്പളംകൊടുക്കുവാൻ സാദ്ധ്യമായിരുന്നില്ല. പ്രൈമറി നിലവാരത്തിൽ ഫീസുപിരിക്കേണ്ടതില്ല എന്നു വന്നതോടെ അ

LOCAL LIBRARY AUTHORITY MANNARGHAT

ന്നൊരുങ്ങുന്ന ദശയിലേക്കാണ് പിന്നെ നാം നീങ്ങുന്നതു്. സംഘടനാപ്രവണത ആദ്യമാദ്യം കാണായതു് മലബാർ കൊച്ചിപ്രദേശങ്ങളിലാണ്. മലബാറിൽ വാർഷിക മൊത്തഗ്രാൻറിൻെറ കീഴിൽ അദ്ധ്യാപകന്മാർ മിക്കവാറും അരക്ഷിതരായിരുന്നതിനാൽ സംഘടിതപ്രവത്തനങ്ങൾക്ക് അവിടെ ഓജസ്സും ആവേശവും വളരെ കൂടുതലായിരുന്നു. കൊച്ചിയിൽ ഡിപ്പാർട്ടുമെൻറു് അധികൃതന്മാർതന്നെ ഒട്ടൊക്കെ അദ്ധ്യാപകപക്ഷത്തായിരുന്നു. മാത്രമല്ല അവിടത്തെ ഒരു മുൻ ടയറക്ടർ അദ്ധ്യാപകരുടെ സംഘടിതപ്രവത്തനങ്ങളെ വ്യക്തമായി പ്രോത്സാഹിപ്പിച്ചുപോരുകയുംചെയ്തു. സുസ്മരണീയനായ അദ്ദേഹം [ ഡാക്ടർ ജാൺമത്തായിയുടെ പരേതനായ സഹോദരൻ ശ്രീ. സി. മത്തായി ] തൻെറ ഒസ്യത്തിൽ അനേകായിരം ഉറുപ്പിക അദ്ധ്യാപകസംഘടനകളെ പ്രോൽസാഹിപ്പിക്കാൻ ഒരു ഫണ്ടായി നീക്കിവച്ചു എന്ന വസ്തുത മറന്നുകൂടാ. സമരപാരമ്പര്യം താരതമ്യേന കുറവായിരുന്നു എന്നിരുന്നാലും കൊച്ചിയിലെ അദ്ധ്യാപകസംഘടനകളുടെ പ്രവത്തനം അദ്ധ്യാപകരുടെ അവകാശങ്ങൾ നേടിയെടുക്കാനും മാനേജരന്മാരുടെ വെട്ടിപ്പിടുത്തങ്ങളിൽനിന്നു് അദ്ധ്യാപകന്മാരെ ഒട്ടൊക്കെ വേർപെടുത്തിയെടുത്തു രക്ഷിക്കുവാനും വളരെ ഉപകരിച്ചിട്ടുണ്ടു്. അല്പകാലംകൂടിക്കഴിഞ്ഞിട്ടാണെങ്കിലും തിരുവിതാംകൂർഭാഗത്തും ഉണ്ടായി, അദ്ധ്യാപകന്മാക്കിടയിൽ സംഘടനാബോധം.

## ശമ്പളസ്കെയിലിൻെറ പിന്നിലുള്ള ചരിത്രം

ഗ്രാൻറിൻഎയിഡു സിസ്റ്റത്തിൽത്തന്നെ പല പതനങ്ങളുമുണ്ടു്. മലബാറിൽ അദ്ധ്യാപകരുടെ കുറെക്കാലത്തെ സമരത്തിനുശേഷം മാസാന്തശമ്പളഗ്രാൻറ് ഏർപ്പെട്ടു. കൊച്ചിയിലും തിരുവിതാംകൂറിലും ആ രീതി അതിനുമുമ്പുതന്നെ ഏർപ്പെട്ടിരുന്നതാണല്ലോ. അതിൽത്തന്നെ കുറഞ്ഞൊരന്തരം

നിലനിന്നിരുന്നു. കൊച്ചിയിൽ, സക്കാർ അദ്ധ്യാപകന്മാക്കും നാൺ-സക്കാർ അദ്ധ്യാപകന്മാക്കും ഒരേഗ്രേഡിൽത്തന്നെ ശമ്പളം കൊടുക്കണം എന്നുള്ള തത്വം വളരെക്കാലെതന്നെ അംഗീകരിക്കപ്പെട്ടുകയുണ്ടായി. പക്ഷെ പ്രൈവററുസ്കൂളദ്ധ്യാപകന്മാർക്കു് നിശ്ചിതശമ്പളത്തിൽ ഓരോ ഉറുപ്പികയുടേയും ഇത്രശതമാനമേ ഗവർമ്മെൻറിൽനിന്നു കൊടുക്കൂ എന്നു നിശ്ചയിച്ചിരുന്നു. ആ ശതമാനംതന്നെ ഉറുപ്പികക്കു് എട്ടണ പത്തണ, പന്ത്രണ്ടണ, പതിന്നാലണ എന്നിങ്ങനെ കയറിക്കയറിപ്പോയി. ബാക്കിവന്നസംഖ്യ മാനേജർകയ്യാൽ കൊടുക്കണം എന്നായിരുന്നു നിശ്ചയം. യഥാത്ഥത്തിൽ മിക്ക മാനേജുമെൻറുകളും ആ കുറവു നികത്തിക്കൊടുത്തിരുന്നില്ല. പലരും ഗ്രാൻറിൽനിന്നുതന്നെ ഒരു വീതം പിടിച്ചെടുത്തിരുന്നു. തിരുവിതാംകൂർഭാഗത്തു് പ്രൈവററുസ്കൂളദ്ധ്യാപകന്മാക്കു് മററൊരുസ്കെയിൽ നിശ്ചയിച്ചു് അതുമുഴവൻ ഗ്രാൻറായിക്കൊടുക്കാനാണു് വ്യവസ്ഥചെയ്തിരുന്നതു്. ആ സ്കെയിൽ വളരെവളരെ മോശമായിരുന്നു. എന്നിട്ടും അതിൽനിന്നു വീതം പററിയിരുന്ന മാനേജറന്മാർ കുറവായിരുന്നില്ല. തിരുകൊച്ചി സംയോജനത്തിനുശേഷം തിരുവിതാംകൂർഭാഗത്തെ പ്രൈവററു സ്കൂളദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ കൊച്ചിയിലേതിനോടു് പൊരുത്തപ്പെടുത്തുവാൻ കാൺഗ്രസ്സ് ഗവർമ്മെൻറുകൾ നടപടിയെടുക്കുകയുണ്ടായി. എന്നിട്ടും സർക്കാർ സ്കൂളദ്ധ്യാപകന്മാരോടൊപ്പമെത്തുവാൻ പ്രൈവററുസ്കൂളദ്ധ്യാപകന്മാക്കു് കഴിഞ്ഞില്ല. മാത്രമല്ല, അദ്ധ്യാപകന്മാർക്കു പൊതുവേ നിശ്ചയിച്ച ശമ്പളസ്കെയിൽ അവരുടെ പരീക്ഷായോഗ്യതകളോടുകൂടി സക്കാരിൻെറ കീഴിൽ ഇതരമണ്ഡലങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവക്കു് നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിലിൽനിന്നു് വളരെ താണുകിടക്കുകയും ചെയ്തു. ഇതെല്ലാം അദ്ധ്യാപകക്കിടയിൽ വല്ലാത്ത അസംതൃപ്തി വരുത്തിവച്ചു എന്നുമാത്രമല്ല അവരെ പതുക്കെപ്പതുക്കെ സമരോന്മുഖ

രാക്കി മാററുകയും ചെയ്തു. കേരളരൂപീകരണത്തിനുമുൻപ് മലബാറിലും അദ്ധ്യാപകർ സമരങ്ങളിലേക്കു നീങ്ങിക്കഴി ഞ്ഞിരുന്നു.

ഇതിനിടയിൽ മറെറാരുപ്രശ്നം പൊന്തിവരുകയുണ്ടായി. പൊതുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും എസ്സ് എസ്സ്. എൽ. സി. യും, റ്റി. റ്റി. സി. യും പാസ്സായിട്ടുള്ള അ ദ്ധ്യാപകന്മാർക്ക് മിക്കവാറും അതേപരീക്ഷായോഗ്യതയോടുകൂ ടിയ ലോവർഡിവിഷൻ ക്ലാർക്കന്മാരുടെ ശമ്പളഗ്രേഡ് കിട്ടേ ണ്ടതാണെന്ന് തുടർച്ചയായി വാദിക്കപ്പെട്ടു. പൊതുശമ്പള പരിഷ്കാരത്തിനു തുനിഞ്ഞ ഓരോ ഗവൺമെൻറിനോടും അദ്ധ്യാപകസംഘടനകൾ അതിനെച്ചൊല്ലി നിവേദനം നട ത്തിയിരുന്നു. ഇന്നത്തെ കെ. പി. സി. സി. പ്രസിഡൻറായ ശ്രീ. ആർ. ശങ്കറിൻെറ നേതൃത്വത്തിൽ ശ്രീമാൻ പനമ്പള്ളി ഗോവിന്ദമേനോൻ സംഘടിപ്പിച്ച പേക്കമ്മീഷൻപോലും അദ്ധ്യാപകവർഗ്ഗത്തിൻെറ പ്രസ്തുത അവകാശവാദം അംഗീ കരിക്കുകയുണ്ടായില്ല.ലോവർഡിവിഷൻക്ലാർക്കന്മാർക്ക് 40-120 രൂപസ്കെയിൽ ശുപാർശചെയ്ത ആ കമ്മീഷൻ പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാർക്ക് ശുപാർശചെയ്തതു് 35-100 രൂപാ സ്കെയിലാണ്. അതുപോലും കാൺഗ്രസ്സ് ഗവർമ്മെൻറ് അംഗീകരിച്ചില്ല. ആ ശമ്പളപരിഷ്കാരത്തിൻെറ ഫല മായി പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്കു കിട്ടിയതു് 35-80 സ്കെയിലാണ്. അഡ്വൈസർ ഭരണം വന്നിട്ടും കേരളസം സ്ഥാനം രൂപീകൃതമായിട്ടും ഈ വ്യത്യാസം പരിഹരിക്കപ്പെ ട്ടില്ല. പക്ഷെ ശ്രീ. പി. എസ്സ്. റാവു അദ്ധ്യാപകർക്ക് അ നുകൂലമായി ചിലതു ചെയ്യുകയുണ്ടായി. മലബാറിൽ പല പതനങ്ങളിലായിക്കിടന്നിരുന്ന പ്രൈമറിസ്കൂളദ്ധ്യാപകന്മാർ ക്ക് ഒന്നടങ്കം 35-80 സ്കെയിൽ കൊടുക്കാൻ അദ്ദേഹം സമ്മ തിച്ചു. മാത്രമല്ല പ്രൈവററുസ്കൂളദ്ധ്യാപകന്മാർക്ക് നിശ്ച യിച്ച ശമ്പളത്തിൽ ഉറുപ്പികക്ക് 14 ണ വീതം ഗ്രാൻറു് എ

ന്ന സംമ്പ്രദായം ഭേദപ്പെടുത്തി ഉററപ്പികക്ക് 16 ണയും ഗ്രാന്റാ യി കൊടുക്കേണ്ടതാണെന്നുകൂടി അദ്ദേഹത്തിൻെറകാലത്തു് ഉത്തരവായി. ഈ രണ്ടുത്തരവുകളും പ്രൈമറിസ്കൂളദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം അനുഗ്രഹങ്ങളായിവേണം കണക്കാക്കുവാൻ.

## മാനേജരന്മാരുടെ വെട്ടിപ്പിടുത്തം

ഈ പരിഷ്കാരങ്ങളൊക്കെ ഏർപ്പെട്ടു എന്നിരുന്നാലും സർക്കാരിൽനിന്നു കൊടുക്കുന്ന ഗ്രാൻറുസംഖ്യ മാനേജരുടെ കയ്യിലൂടെപോയി അദ്ധ്യാപകരുടെപക്കൽ എത്തിയിരുന്നതു് ചിലചില വെട്ടിക്കുറവുകൾക്കുശേഷം മാത്രമായിരുന്നു. അദ്ധ്യാപക സംഘടനകൾ എത്രയോനാളായി മാനേജറന്മാരുടെ വെട്ടിക്കുറവുകൾക്കെതിരായി ശബ്ദമുയർത്തിയിട്ടും പഴയ നടപടിക്കു് പറയത്തക്ക മാററമൊന്നും ഉണ്ടായില്ല. മലബാറിൽ രാജാജിയുടെ രണ്ടാം മന്ത്രിസഭാകാലത്തു് പ്രൈവററ് എലിമൻററിസ്കൂൾ അദ്ധ്യാപകന്മാക്കു് ശമ്പളമായി ഗവർമ്മെൻറിൽനിന്നു കൊടുക്കേണ്ടിയിരുന്ന സംഖ്യ മുഴുവൻ നേരിട്ടു മണിയാർഡറായോ ചെക്കായോ മാസംതോറും അയച്ചുകൊടുക്കുന്ന ഒരു സംമ്പ്രദായം കൈക്കൊള്ളുകയുണ്ടായി. ശ്രീ. പി. എസ്സ്. റാവു ഗ്രാൻറിൻെറ ശതമാനം വർദ്ധിപ്പിക്കുകയും ശമ്പളസ്കെയിൽ 35-80 ആയിഏകീകരിക്കുകയും ചെയ്തപ്പോൾപോലും രാജാജിയുടെ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുവാൻ തയ്യാറായില്ല. പഴയ ഗ്രാന്റ്-ഇൻ- എയിഡ്ഡ് സിസ്റ്റം നിലനിൽക്കുകയാണെങ്കിൽ ശമ്പളസ്കെയിൽ എങ്ങനെ പരിഷ്കരിച്ചാലുംശരി, പ്രൈവററുസ്കൂളദ്ധ്യാപകൻെറ അടിസ്ഥാനപരമായ അവശത നിലനിൽക്കുകതന്നെ ചെയ്യും. ഗ്രാൻറ്-ഇൻ-എയിഡ്ഡ് സിസ്റ്റമനുസരിച്ച് ശമ്പളഗ്രാൻറിനുള്ള ബിൽ ഗവർമ്മെൻറിലേയ്ക്കു് അയക്കേണ്ടതു് മാനേജരാണു്. ആ ബിൽ ഗ്രാന്റ്-ഇൻ-എയിഡ്ഡ് ബിൽ ആ

യിരിക്കുന്നിടത്തോളംകാലം ബില്ലിൻപടി പണം ഗവർമ്മെൻറിൽനിന്നു വാങ്ങുന്നതു്, മാനേജർ മുൻകൂട്ടി അദ്ധ്യാപകന്മാക്കു് നൽകിക്കഴിഞ്ഞു എന്നു സങ്കല്പിക്കുന്ന ശമ്പളംവകയിലേയ്ക്കാണു്. എന്നാൽ യഥാത്ഥത്തിൽ മാനേജരന്മാർ അദ്ധ്യാപകന്മാക്കു ശമ്പളം കൊടുക്കുന്നതു് ഗ്രാൻറു്ബിൽ ക്യാഷ്ചെയ്യതിനു ശേഷം മാത്രമായിരുന്നു. കിട്ടുന്ന ശമ്പളത്തിൽ വെട്ടിക്കുറവുണ്ടെന്നിരിക്കട്ടെ, അദ്ധ്യാപകനു് ഡിപ്പാർട്ടുമെൻറിൻെറ മുമ്പിൽ പരാതിപ്പെടാൻ തരമില്ല. എന്തുകൊണ്ടെന്നാൽ ഗ്രാൻറു്ബിൽ പാസാക്കികൊടുക്കുന്നസമയത്തു് ഡിപ്പാർട്ടുമെൻറിൻെറ ധാരണ അദ്ധ്യാപകശമ്പളം വിതരണംചെയ്യുകഴിഞ്ഞു എന്നാണു്. ഗതികെട്ടാൽ കോടതിയിൽ പോകാമോ, അതിനും വാസ്തവത്തിൽ സാദ്ധ്യതയില്ല. അവിടേയും റിക്കാർഡനുസരിച്ചു് അദ്ധ്യാപകനു ശമ്പളം നൽകിയതായിട്ടാണു കാണുക. എന്തുകൊണ്ടെന്നാൽ മുൻകൂറായി 'അക്വിറ്റൻസ്' (ശമ്പളംകിട്ടി ബോധിച്ചു) എന്നു് ഒപ്പിട്ടു കൊടുത്തിരിക്കും അദ്ധ്യാപകൻ. അങ്ങിനെ സ്റ്റാഫിൻെറ മുഴുവൻ അഡ്വാൻസ് അക്വിററൻസ് കൈവശപ്പെടുത്തി, അതിനെ അടിസ്ഥാനപ്പെടുത്തിയാണു് മാനേജരന്മാർ ഗ്രാൻറു്ബിൽ ഡിപ്പാർട്ടുമെൻറിലേക്കു് അയക്കാറുള്ളതു്. ഈ പാരാധീനത അവസാനിക്കണമെങ്കിൽ നേരിട്ടു ശംമ്പളം കൊടുക്കുന്ന പരിപാടി നടപ്പാവണം. അദ്ധ്യാപകന്മാക്കു വേണ്ടി വാദിച്ചിരുന്ന എല്ലാവരുംതന്നെ ഈ സംഗതി ഊന്നിപ്പറഞ്ഞിരുന്നു.

## മദ്ധ്യതിരുവിതാംകൂറിൽനിന്നാരംഭിച്ച പ്രക്ഷോഭണം

ഗ്രാൻറു്–ഇൻ–എയിഡ്യു് സിസ്റ്റത്തിൻെറ പൊതുവേയുള്ള ഈ വളർച്ചക്കിടയിൽ സെക്കൻററിസ്കൂളുകളെ സംബന്ധിച്ചിടത്തോളം ഇടക്കാലത്തു് തിരു-കൊച്ചിപ്രദേശത്തേയ്ക്കു

MG:16



മാത്രമായി പ്രത്യേകിച്ചൊരു പദ്ധതി നടപ്പാക്കുകയുണ്ടായി. അതിന്റെ ചരിത്രവും വിശദമായി അറിയേണ്ടതുണ്ട്. ലോവർ പ്രൈമറി നിലവാരത്തിൽ മാത്രമാണ് ഫീസ്പിരിവ് പണ്ടേമുതൽ വേണ്ടെന്നുവച്ചിരുന്നത്. സെക്കന്ററിക്ലാസ്സുകളിൽ ഫീസ് പിരിച്ചിരുന്നു. സെക്കന്ററി വിഭാഗത്തിൽ ഇന്നത്തെ അപ്പർ പ്രൈമറിസെക്ഷനും ഉൾപ്പെട്ടിരുന്നു എന്ന് ഓർത്തിരിക്കേണ്ടതാണ്. കൊച്ചിഭാഗത്ത് പ്രൈവററ് സെക്കന്ററിസ്കൂളുകളിൽ അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ ഉറുപ്പികക്ക് ഇത്ര അണ എന്നു കണക്കാക്കിക്കൊണ്ടുള്ള ഗ്രാന്റ്-ഇൻ- എയിഡ് മുറയ്ക്ക് നൽകിപ്പോന്നിരുന്നു. ഗ്രാഡ്വേററദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ ക്ലിപ്തപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതായിരുന്നില്ല തിരുവിതാംകൂർ വിഭാഗത്തെ പ്രൈവററ് സെക്കന്ററിസ്കൂളുകളിലെ സ്ഥിതി. ഫീസ് പിരിച്ച് മാനേജരന്മാർ താന്താങ്ങൾക്ക് ഇഷ്ടംപോലെ അദ്ധ്യാപകന്മാർക്ക് ശമ്പളം കൊടുത്താൽ മതിയായിരുന്നു, തിരുവിതാംകൂർ വിഭാഗത്ത്. ശമ്പളസ്കെയിലാണെങ്കിൽ നിജപ്പെടുത്തിയിരുന്നില്ലതാനും. കൊച്ചിയിലും തിരുവിതാംകൂറിലും ഇപ്രകാരം വ്യത്യസ്തമായ നടപടികൾ നിലവിലിരുന്നതിന്റെ പിമ്പിൽ ഒളിഞ്ഞുകിടന്ന വലിയൊരു സത്യമുണ്ട്. അതാണ് മദ്ധ്യതിരുവിതാംകൂർഭാഗത്തുനിന്നു പൊന്തിയിട്ടുള്ള വിദ്യാഭ്യാസപ്രക്ഷോഭണങ്ങളെല്ലാററിന്റേയും നാരായവേരെന്നു വേണമെങ്കിൽ പറയാം. ഫീസുപിരിവുള്ള സെക്കന്ററിക്ലാസ്സുകളെ സംബന്ധിച്ചുതന്നെയും ശമ്പളസ്കെയിലും ഗ്രാന്റ്-ഇൻ-എയിഡും ക്ലിപ്തപ്പെടുത്തിയിരുന്നതിനാൽ, കൊച്ചിഭാഗത്ത് ഫീസുപിരിവ് മാനേജർക്ക് തന്നിഷ്ടമനുസരിച്ച് കൈകാര്യംചെയ്യാവുന്ന ഒരുതരം ആദായമാണെന്നുള്ള ധാരണ ഉണ്ടായിരുന്നില്ല. ഫീസ് പിരിവിനെ സംബന്ധിച്ച് തികച്ചും ആഡിററിനു വിധേയമാകേണ്ട രീതിയിൽ വ്യക്തമായി കണക്കു വയ്ക്കേണ്ടിയിരുന്നു.

അദ്ധ്യാപകശമ്പളത്തിലേക്കും മററുള്ള സ്കൂൾ ചെലവുകളിലേ യ്ക്കുമായി വകയിരുത്താൻ സക്കാർ അനുവാദത്തോടുകൂടി പിരിച്ചിരുന്ന ഒന്നായിട്ടാണു് ഫീസിനെ കണക്കാക്കിപ്പോന്നിരുന്നതു്. അതിൽ കയ്യിട്ടുവാരുവാൻ മാനേജക്കു് അധികാരമില്ലെന്നായിരുന്നു വയ്പു്. ലൈബ്രറി, കണ്ടിജൻസി, തൊട്ടുള്ള ഇനങ്ങളിലേക്കു് കുറഞ്ഞൊരുസംഖ്യ നീക്കിവക്കാമായിരുന്നതിൽ ചെയ്യാമായിരുന്ന ചില്ലറ വെട്ടിപ്പൊഴിച്ചാൽ മ. ററൊന്നിനും സാദ്ധ്യതയില്ലായിരുന്നു എന്നു ചുരുക്കം. കൂടുതൽ സംഖ്യയ്ക്കു് ഒപ്പിട്ടുവാങ്ങി അദ്ധ്യാപകന്മാരെ ഏറെക്കുറെ വഞ്ചിക്കുന്ന നടപടിയും ഒട്ടൊക്കെ ഉണ്ടായിരുന്നു. എന്നാൽ തിരുവിതാംകൂർഭാഗത്തു് ഫീസു്പിരിവു് മാനേജക്കു് ഇഷ്ടംപോലെ ഉപയോഗിക്കാവുന്ന സമ്പാദ്യമായിട്ടാണു് കരുതപ്പെട്ടിരുന്നതു്. അതിനത്ര വ്യക്തമായ കണക്കൊന്നും ഹാജരാക്കേണ്ടതില്ലായിരുന്നു. ശമ്പളസ്കെയിലിന്മേലാണെങ്കിൽ ഡിപ്പാർട്ടുമെൻറിനു് കശനമായ നിയന്ത്രണമൊന്നുമില്ലായിരുന്നുതാനും. തിരുകൊച്ചി സംയോജനാനന്തരം ഈ അരക്ഷിതാവസ്ഥയ്ക്കു് പരിഹാരമുണ്ടാക്കണമെന്നുള്ള മുറവിളി അടിക്കടി ശക്തിപ്പെട്ടുവന്നു. ശ്രീ. ടി. കെ. നാരായണപിള്ളയുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന സംയുക്ത മന്ത്രിസഭയിൽ വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻെറ പക്കൽ തിരുവിതാംകൂർ പ്രൈവററു് സെക്കൻററിസ്കൂൾ അദ്ധ്യാപകസംഘടനയുടെ പ്രധാന പ്രവത്തകന്മാർ അവശതാപരിഹാരത്തിനു് പലതവണ നിവേദനം നടത്തുകയുണ്ടായി. താമസിയാതെ തിരുവിതാംകൂർ പ്രൈവററു് സെക്കൻററിസ്കൂൾ അദ്ധ്യാപകന്മാർ ഒരു പണിമുടക്കിലേക്കു് നീങ്ങുകയും ചെയ്തു.

## പി. എസ്സ്. എസ്സ്. സ്കീമിൻെറ ജാതകദോഷം

ആ സന്ധിയിൽ കാൺഗ്രസ്സ് പാർലമെൻററി പാർട്ടി അംഗങ്ങളായിരുന്ന ഞങ്ങൾ ഏതാനുംപേർ ഇടപെട്ടു് ഒത്തു

തീർപ്പുണ്ടാക്കുവാൻ പരിശ്രമിക്കുകയും അതിന്റെ ഫലമായി പി. എസ്സ്. എസ്സ്. സ്കീം എന്നൊരു പദ്ധതി രൂപമെടുക്കുകയും ചെയ്തു. ആ സ്കീം ആദ്യമേ ആസൂത്രണം ചെയ്തിരുന്ന രീതിയിലല്ല യഥാർത്ഥത്തിൽ നടപ്പായതു്. നിയമസഭാഹാളിൽവെച്ചു വിളിച്ചുകൂട്ടിയ ത്രികക്ഷിസമ്മേളനത്തിൽ അവതരിപ്പിച്ചു് എല്ലാകക്ഷികളും ചർച്ചചെയ്തു് അംഗീകരിച്ചതിൽ അദ്ധ്യാപകലിസ്റ്റുംമററും ഉണ്ടായിരുന്നു. അതെല്ലാം പിന്നീടു് ഉപേക്ഷിക്കപ്പെട്ടു. ഒട്ടാകെയുള്ള ഫീസ്പിരിവിൽ എൺപതുശതമാനം, മാനേജരന്മാർ അദ്ധ്യാപകശമ്പളത്തിലേയ്ക്കായി ട്രഷറിയിലടക്കുകയും ഇരുപതുശതമാനം സ്കൂൾ ചിലവുകൾക്കായി അവർ കൈവശംവയ്ക്കുകയും ചെയ്യുക എന്നുള്ള അടിസ്ഥാനത്തിന്മേലാണു് പി. എസ്സ്. എസ്സ് സ്കീം പട്ടത്തുയർത്തിയതു്. ഗ്രാഡുവേററു് അദ്ധ്യാപകന്മാരുടെയുംമററും ശമ്പളസ്കെയിലുകളും അവയ്ക്കുണ്ടായിരിക്കേണ്ട സർവീസ്‌വ്യവസ്ഥകളുംമററും മററും ആ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നു. ത്രികക്ഷിസമ്മേളനത്തിൽവച്ചു് അംഗീകരിച്ച വ്യവസ്ഥകളിൽ മാനേജരന്മാരുടെ അതേവരെയുണ്ടായിരുന്ന പരമാധികാരത്തിന്മേൽ കൈവയ്ക്കുന്നവയായി തോന്നിയ എല്ലാററിനുമെതിരായി തിരു-കൊച്ചിയിലെ കത്തോലിക്കാ മാനേജരന്മാർ, പ്രത്യേകിച്ചു് മദ്ധ്യതിരുവിതാംകൂറിലെ കത്തോലിക്കാ മാനേജരന്മാർ, കൂട്ടായി ശബ്ദമുയർത്തുകയും ഏറെക്കുറെ പ്രക്ഷോഭണം സംഘടിപ്പിക്കുകയും ചെയ്തു. ശ്രീ. പനമ്പള്ളി ത്രികക്ഷിസമ്മേളനത്തിൽവച്ചു് പാസ്സാക്കിയെടുത്ത പദ്ധതി തുടക്കത്തിൽ കാൺഗ്രസ്സ് പാർലമെൻററിപാർട്ടിയും മന്ത്രിസഭയും അംഗീകരിച്ചു എന്നിരുന്നാലും, മെത്രാന്മാരുടേയും മെത്രാപ്പോലീത്താന്മാരുടേയും മററും ആശീർവാദത്തോടുകൂടി പ്രക്ഷോഭണം ശക്തിപ്പെട്ടപ്പോൾ, മന്ത്രിസഭയ്ക്കുള്ളിലും പാർലമെൻററിപ്പാർട്ടിക്കകത്തും അഭിപ്രായസംഘട്ടനം ഉണ്ടാവുകയും പദ്ധതിയുടെ കാതലായ പലഭാഗങ്ങളും ഉപേക്ഷിക്കേ

ണ്ടിവരുകയുംചെയ്തു എന്ന വസ്തുത അനുസ്മരണീയമാണ്. കേന്ദ്രസർക്കാരുമായി ഉന്നതനിലവാരത്തിൽ ബന്ധപ്പെട്ടിരുന്ന ബംഗാളിയായ ഒരു ക്രിസ്ത്യൻ നേതാവ് ഇവിടെവന്ന് ഒത്തുതീർപ്പിന് ഉത്സാഹിപ്പിച്ചതിൻെറ ഫലമായിട്ടാണ് പദ്ധതിയിൽ മാററങ്ങൾ വരുത്തിയത്. എന്നിട്ടും വളരെ താമസിയാതെ ആ മന്ത്രിസഭക്ക് രാജിവയ്ക്കേണ്ടിവന്നു. അതിനുശേഷം അധികാരത്തിൽവന്ന മന്ത്രിസഭകളിൽ ഉത്തമകത്തോലിക്കരായ ശ്രീ. എൽ. എം. പൈലിയും, ശ്രീ. എ. ജെ. ജോണും വിദ്യാഭ്യാസമന്ത്രിമാരാകുകയും പി. എസ്സ്. എസ്സ്. സ്കീം കത്തോലിക്കാമാനേജരന്മാരുടെ താല്പര്യമനുസരിച്ച് പാടെ പൊളിച്ചെഴുതപ്പെടുകയും ചെയ്തു. പിന്നെ വളരെക്കാലംകഴിഞ്ഞു് 1955 ൽ മന്ത്രിസഭാനേതാവായിരുന്ന് വിദ്യാഭ്യാസം കൈകാര്യംചെയ്യുവാൻ വീണ്ടും അവസരം ലഭിച്ചപ്പോൾ ശ്രീ. പനമ്പള്ളിഗോവിന്ദമേനവൻ താനവതരിപ്പിച്ച് ഒടുവിൽ ജാതകദോഷം പററിക്കിടന്ന പദ്ധതിയിലേക്ക് തിരിഞ്ഞുനോക്കുകയും ഏറെക്കുറെ താൻ ആദ്യമേ വിഭാവനംചെയ്തിരുന്ന നിയന്ത്രണോപാധികളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ബിൽതന്നെ തയാറാക്കാൻ ഒരുമ്പെടുകയും ചെയ്തു. ആ പരിശ്രമത്തിന് ഒരു നിയമത്തിൻെറ രൂപം പ്രാപിക്കുവാൻ സഹായമായേക്കാവുന്ന കരുത്തും പരിതഃസ്ഥിതിയും അന്നത്തെ ഭരണത്തിനില്ലാതെപോയതിനാൽ പി. എസ്സ്. എസ്സ്. സ്കീമിന് അതിലടങ്ങിയ അദ്ധ്യാപകപരിരക്ഷകൾക്കുപോലും നിയമപ്രാബല്യം സിദ്ധിക്കാതെ വെറും ഒരു എക്സിക്യൂട്ടീവ് ആർഡറായി കിടക്കേണ്ടിവന്നു.

## കമ്മ്യൂ: സർക്കാരിനെ നേരിട്ട പ്രശ്നങ്ങൾ

കേരളസംസ്ഥാനരൂപീകരണത്തിനുശേഷം കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറ് ഭരണം

കൈക്കൊള്ളുമ്പോൾ മേൽ വിവരിച്ച ചരിത്രത്തിൽനിന്നു പൊന്തിവന്നവയും അവശ്യം പരിഹരിക്കപ്പെടേണ്ടവയുമായി കാണായ പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണു്:

**ഒന്നു്:—** സക്കാർ മേഖലയിലും പ്രൈവററു് മേഖലയിലും ഉള്ള അദ്ധ്യാപകന്മാരെ ശമ്പളംതൊട്ടുള്ള കാര്യങ്ങളിൽ മിക്കവാറും തുല്യരാക്കിത്തീക്കുക.

**രണ്ടു്:—** അദ്ധ്യാപകന്മാരുടെ ശമ്പളസ്സ്കെയിൽ അവരോളം പരീക്ഷായോഗ്യതയുള്ള മററു സക്കാർ ജീവനക്കാരുടേതുമായി പൊരുത്തപ്പെടുത്തുക.

**മൂന്നു്:—** അദ്ധ്യാപകസംഘടനകളെത്തന്നെ ഏകീകരിച്ചു് പൊതുവേ വിദ്യാഭ്യാസത്തേയും വിശേഷിച്ചു് അദ്ധ്യാപകന്മാരേയും സംബന്ധിക്കുന്ന നാനാപ്രശ്നങ്ങൾ സമത്ഥമായി കൈകാര്യംചെയ്യുക.

**നാലു്:—** മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും വ്യത്യസ്തരീതികളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഗ്രാൻറു്-ഇൻ-എയിഡ്ഡ് സിസ്റ്റം ആപാദചൂഡം പരിശോധിച്ചു് അദ്ധ്യാപകക്കും മാനേജരന്മാക്കും ന്യായമായ എല്ലാ പരിരക്ഷകളും നേടിക്കൊടുക്കത്തക്കവിധം പുതിയ ഒരടിസ്ഥാനത്തിൽ സംവിധാനംചെയ്യുകയും അതിലുൾക്കൊള്ളുന്ന എല്ലാററിനും നിയമപ്രാബല്യം വരുത്തിവയ്ക്കുകയും ചെയ്യുക.

## പൊതുമേഖലയും സ്വകാര്യമേഖലയും

ഇതിൽ ആദ്യത്തേതു് പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവത്തിക്കുന്ന അദ്ധ്യാപകക്കു് കഴിയുന്നിടത്തോളം തുല്യത വരുത്തിവയ്ക്കുക എന്നതാണല്ലോ. ഇന്നത്തെ ഗവർമ്മെൻറു് അധികാരത്തിൽവന്നു് അധികം താമസിയാതെതന്നെ ഇക്കാര്യത്തിൽ വേണ്ട നടപടികൾ എടുക്കുകയു

ണ്ടായി. പ്രൈമറി–സെക്കൻററി നിലവാരങ്ങളിൽ ഇരുമേഖലകളിലേയും അദ്ധ്യാപകന്മാൎക്ക് തുല്യശമ്പളമാണിപ്പോൾ. സ്വകാര്യമേഖലയിലെ അപ്പർ പ്രൈമറിക്കാൎക്ക് സ്പെഷ്യൽ ഡിയർനസ്സ് അലവൻസ് കൊടുക്കുന്നില്ല എന്ന പരാതിയും പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഇനിയുള്ളതു് ഗ്രാഡ്വേറ്റദ്ധ്യാപകന്മാരുടെ കൂട്ടത്തിൽ ഒൻപതിൽ രണ്ടുപേൎക്കുവീതം കൊടുക്കുന്ന ഫസ്റ്റ് ഗ്രേഡും, ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററന്മാൎക്ക് നിശ്ചയിച്ചിട്ടുള്ള 250–400 ഗ്രേഡും, പ്രൈവറ്റ് മേഖലയിലേക്ക് വ്യാപിപ്പിക്കുക എന്നതാണു്. അതുപോലെതന്നെ പെൻഷൻകാര്യവും. ഇവ മൂന്നും പ്രൈവറ്റുസ്ക്കൂൾമേഖലയിലേക്കും വ്യാപിപ്പിക്കുവാൻ ഗവൎമ്മെൻറുത്തരവാദപ്പെട്ടിട്ടുണ്ട്, അതിലേക്കുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. പ്രൈവറ്റുസ്ക്കൂൾസർവീസ് സൎക്കാർസ്ക്കൂൾസർവീസുപോലെ ഒരുമിച്ചല്ല കിടക്കുന്നതു് എന്നുള്ളതിനാൽ അനുപാതം വച്ച് ഫസ്റ്റ്ഗ്രേഡ് കൊടുക്കുവാൻ പ്രയാസമുണ്ട്. പ്രൈവറ്റുസ്ക്കൂളുകൾ ഓരോന്നിലും സീനിയർ അദ്ധ്യാപകൻ ഹെഡ്മാസ്റ്റർ പദവിയിലേക്ക് ഉയരുന്നതു് വളരെ കാലേക്കൂട്ടി ആകുന്നതിനാൽ 250–400 എന്ന ഗ്രേഡ് പ്രൈവറ്റ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റൎമാൎക്ക് പ്രാരംഭത്തിലേ കൊടുക്കാമോ എന്ന സംഗതി ചിന്തിച്ചുവേണം തീരുമാനിക്കുവാൻ. ഏതായാലും ഇവ രണ്ടിനേയുംപററി സമഞ്ജസമായൊരു തീരുമാനമെടുക്കാൻ ഗവൎമ്മെൻറ് ഉ[illegible]റു ശ്രമിക്കുന്നുണ്ട്. പെൻഷൻകാര്യത്തിലും ഒരു വീണ്ടാലോചന വേണ്ടിയിരിക്കുന്നു. സൎക്കാർ അദ്ധ്യാപകന്മാൎക്കു ഒരു "പെൻഷൻ കം പ്രാവിഡൻറ് ഫണ്ട് സ്കീം" ആസൂത്രണം ചെയ്യണമെന്നാണ് ഗവൎമ്മെൻറ് നിശ്ചയിച്ചിട്ടുള്ളതു്. സർവീസിനു സ്ഥിരത തൊട്ടുള്ള മററെല്ലാ കാര്യങ്ങളിലും തുല്യത കൈവരാൻ പുതിയ നിയമം പ്രാബല്യത്തിൽ വരേണ്ട താമസമേയുള്ളു.

## ശമ്പള സ്കെയിൽ ഉയർത്തി

അന്യത്ര പ്രസ്താവിച്ചിട്ടുള്ളതുപോലെ അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ എന്തുചെയ്തിട്ടും വേണ്ടത്ര ഉയർത്തിക്കിട്ടുവാൻ കഴിയാതെ കിടക്കുകയാണ്. 1957-58 ൽ തന്നെ ഇന്നത്തെ ഗവമ്മെൻറ് അതിനു പരിഹാരമുണ്ടാക്കി. എസ്സ്. എസ്സ്. എൽ. സി. യും ടെസ്റ്റുകളും പാസായിട്ടുള്ള ലോവർഡിവിഷൻ ക്ലാക്കന്മാക്ക് രൂ 40-120 ആണല്ലോ സ്കെയിൽ. അതേസ്കെയിൽ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്കും നൽകിക്കഴിഞ്ഞു. ലോവർഡിവിഷൻ ക്ലാക്കന്മാരുടെ ഇൻക്രിമെൻറിൽ വരുത്തിയ ഭേദഗതിയു ം അദ്ധ്യാപകമേഖലയിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിലും സാരമായി പരിഷ്കരിച്ചുകഴിഞ്ഞു. 55-150 എന്നതിപ്പോൾ 80-165 രൂപയാണ്. ഈ ശമ്പളപരിഷ്കാരത്തിൽത്തന്നെ മറ്റൊരുവിശേഷം. മലബാറിൽ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരിൽ പതിനേഴായിരത്തിൽപ്പരംപേർ ഹയർ എലിമെൻററിക്കാരും അവരിൽത്തന്നെ ഒരു വിഭാഗം ലോവർ എലിമെൻററിക്കാരുമാണ്. അവക്കൊക്കെ 35-80 ലും വളരെവളരെ താണ സ്കെയിലുകളേ ഉണ്ടായിരുന്നുള്ളു. പുതിയ ശമ്പളപരിഷ്കാരത്തോടുകൂടി അവരെല്ലാവരും 40-120 കാരായി പെട്ടെന്ന് ഉയന്നിരിക്കയാണ്. മാസത്തിൽ 34 ഉറുപ്പികവരെ ശമ്പളവർദ്ധനവ് അനുഭവപ്പെട്ടിട്ടുള്ള അനേകായിരം അദ്ധ്യാപകന്മാർ മലബാർഭാഗത്തുണ്ട്.

## ഒന്നരക്കോടി കൂടുതൽ ചിലവായി

പല ഇനങ്ങളിലുമായി അദ്ധ്യാപകന്മാക്ക് ശമ്പളം വർദ്ധിപ്പിച്ചവകയിൽ കൊല്ലത്തിൽ ഗവണ്മെൻറിന് ഒന്നരക്കോടിയോളം ഉറുപ്പിക അധികച്ചിലവുണ്ടായിട്ടുണ്ടെന്നുള്ള വസ്തുത ഈ സന്ദർഭത്തിൽ പ്രത്യേകിച്ച് അനുസ്മരിക്കേണ്ടതാണ്. ശമ്പളസ്കെയിലുകൾ ഇനിയും പരിഷ്കരി

ക്കേണ്ടതാണെന്നു് വാദിക്കുന്നവരുണ്ടു്. സംസ്ഥാനത്തെ സാമ്പത്തികനില ഇന്നത്തേതിലും സാരമായി അഭിവൃദ്ധിപ്പെട്ടുകയാണെങ്കിൽ ആ വാദഗതിയും പരിഗണിക്കാവുന്നതാണു്. പക്ഷെ, ഈ സംസ്ഥാനത്തെ നികുതിദായകരായ ജനങ്ങളുടെ ശരാശരി വരുമാനം ഈ ശമ്പളസ്കെയിലുകളെക്കാളെല്ലാം വളരെവളരെ താണുകിടക്കുന്നസ്ഥിതിക്കു് ഇപ്പോൾ കിട്ടുന്നതിലുമധികം ശമ്പളം കിട്ടണം എന്നു വാദിക്കുന്നതു് അത്ര ശരിയായിരിക്കുകയില്ല. ഗവൺമെൻറിൻെറ കീഴിൽ പല മണ്ഡലങ്ങളിലായി സേവനമനുഷ്ഠിക്കുന്ന മൂന്നോ നാലോ ലക്ഷം ആളുകൾക്കു മാത്രമാണു് ഒന്നരക്കോടിയോളം ജനങ്ങളുള്ള ഈ സംസ്ഥാനത്തു് രണ്ടും പറയിക്കാത്ത തരത്തിൽ സ്ഥിരമായി മാസാന്തവരുമാനം കൈവന്നുകൊണ്ടിരിക്കുന്നതു്. സർവീസിൽനിന്നു വിട്ടുനിൽക്കുന്ന ഭൂരിപക്ഷം ജനങ്ങളിൽ ജന്മികളും മുതലാളിമാരും മററുമായുള്ള കുറഞ്ഞൊരു ശതമാനം ഒഴിച്ചാൽ ബാക്കി വലിയ വിഭാഗം ആണ്ടോടാണ്ടുള്ള വരുമാനം കണക്കാക്കിയാൽപോലും ഏറെക്കുറെ അരക്ഷിതരാണു്. അവരാണെങ്കിൽ വില്പനനികുതിയായുംമററും കൊല്ലംതോറും വമ്പിച്ചൊരു സംഖ്യ ഖജനാവിൽ അടച്ചുകൊണ്ടിരിക്കുകയാണു്. ആ വലിയ ജനവിഭാഗത്തിൻെറ അടിസ്ഥാനത്തിൽ നിന്നുകൊണ്ടു് താന്താങ്ങൾക്കു് ഇന്നുള്ള വരുമാനത്തെക്കുറിച്ചു് സർവീസിലുള്ള ജോലിക്കാർ ഒരു ആത്മപരിശോധനചെയ്യുന്നതു് പ്രയോജനകരമായിരിക്കും.

കാൺഗ്രസ്സ് ഗവൺമെൻറു് 1953ലോമറോ പാസാക്കിയ ഒരുത്തരവനുസരിച്ചു് 1953നു ശേഷം ജോലിയിൽ പ്രവേശിച്ച ഗ്രാഡുവേറ്റുകൾക്കും അണ്ടർ ഗ്രാഡുവേറ്റുകൾക്കും ട്രെയിനിംഗ്കാലത്തു് ശമ്പളത്തോടു തുല്യമായ സ്റ്റൈഫെണ്ടെന്നല്ല, യാതൊന്നുംതന്നെ കിട്ടാൻ അർഹതയില്ലായിരു

ന്നു. ഇന്നത്തെ ഗവൺമെൻറു് ആ ഉത്തരവു് ഭേദപ്പെടുത്തി ഗ്രാഡ്വേററു് ട്രെയിനികൾക്കു് 50 ഉറുപ്പികവീതവും അണ്ടർ ഗ്രാഡ്വേററു് ട്രെയിനികൾക്കു് 30 ഉറുപ്പികവീതവും മാസത്തിൽ അലവൻസു് പാസാക്കിക്കൊടുത്തിട്ടുണ്ടു്. ഈ ഇനത്തിലും അനേകലക്ഷം ഉറുപ്പികയുടെ അധികച്ചിലവുണ്ടായിട്ടുണ്ടു്, ഗവൺമെൻറിനു്.

## സംഘടനകളുടെ ഏകീകരണം

അദ്ധ്യാപകസംഘടനകളുടെ ഏകീകരണം പൂർണ്ണമായും നിറവേറിയിട്ടില്ല. പക്ഷേ അതിലേക്കു് കാര്യക്ഷമമായ പലനടപടികളും എടുത്തുകഴിഞ്ഞിരിക്കുന്നു. സംഘടനാപ്രതിനിധികൾക്കു്, അപ്പപ്പോൾ അദ്ധ്യാപകന്മാർക്കു് അനുഭവിക്കേണ്ടിവരുന്ന വൈഷമ്യങ്ങൾ അതാതിടത്തെ ഡിപ്പാർട്ടുമെൻറു് ഉദ്യോഗസ്ഥന്മാരെ ധരിപ്പിച്ചു് അവരെക്കൊണ്ടു് പ്രതിവിധിചെയ്യിക്കുവാനുള്ള അവകാശവും അവസരവും ഗവർമ്മെൻറുണ്ടാക്കിക്കൊടുത്തിട്ടുണ്ടു്. എ. ഈ. ഓ. മാർ താന്താങ്ങളുടെ സബ്ബ്ഡിസ്ട്രിക്ടുകളിൽ മാസത്തിൽ ഓരോ തവണയും ഡി. ഈ. ഓ. മാർ താന്താങ്ങളുടെ ഡിസ്ട്രിക്റ്ററുകളിൽ മുമ്മൂന്നുമാസത്തിൽ ഓരോതവണയും അദ്ധ്യാപക പ്രതിനിധികളെ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ ചർച്ചചെയ്തു പരിഹാരം ഉണ്ടാക്കിക്കൊടുക്കണമെന്നാണു് ഗവൺമെൻറുത്തരവിൻെറ സാരം. ഇതനുസരിച്ചു് കഴിച്ചു് ഒരുകൊല്ലമായി വിളിച്ചുകൂട്ടിവരുന്ന അമ്മാതിരി ചർച്ചായോഗങ്ങളിൽ സ്ക്കൂളുകളെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളുംതന്നെ സവിസ്തരം ചർച്ചചെയ്യുന്ന ഒരു പാരമ്പര്യം രൂപപ്പെട്ടുവരികയാണു്. വിവിധ താല്പര്യങ്ങളിന്മേൽ വെട്ടിത്തിരിഞ്ഞുകിടക്കുന്ന അദ്ധ്യാപകവിഭാഗങ്ങൾക്കു് പൂർവാധികം ഇണങ്ങി ഒററക്കെട്ടായി നിന്നു പ്രവർത്തിക്കുവാൻ ഈ ചർച്ചായോഗങ്ങളിലെ നടപടി പ്രേരകമാകുമെന്നുവേണം വിചാരിക്കു

വാൻ ഉദ്യോഗസ്ഥന്മാർ അദ്ധ്യാപകന്മാരുടെ മിത്രങ്ങളല്ലെന്നു് പരക്കെ ഉണ്ടായിട്ടുള്ള ധാരണ നീക്കി ഡിപ്പാർട്ടുമെൻറു് ഉദ്യോഗസ്ഥന്മാരേയും അദ്ധ്യാപകന്മാരേയും കൂടുതൽ അടുപ്പിക്കുന്നതിലേക്കും ഈ ചർച്ചാസദസ്സുകൾ ഒട്ടൊക്കെ പ്രയോജനപ്പെട്ടുവരുന്നുണ്ടു്.

## സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ

ഇനി നാലാമത്തേതാണു്. അതാണു് ഏററവും വൈഷമ്യംപിടിച്ചതു്. മലബാർകൂടി സംസ്ഥാനത്തുൾപ്പെട്ടപ്പോൾ സ്വകാര്യമേഖലയിലെ പ്രശ്നങ്ങൾ വളരെവളരെ കൂടിപ്പോയി. അവിടെ തിരു-കൊച്ചിയിൽ ഇല്ലാതിരുന്ന പല കീഴ്നടപ്പുകളും പ്രത്യേകതരത്തിലുള്ള സ്ഥാപനങ്ങളും ഉണ്ടായിരുന്നു. ഹയർ എലിമെൻററിസ്കൂളുകൾ, ഫിഷറിസ്കൂളുകൾ, ഏകാദ്ധ്യാപകസ്കൂളുകൾ, ഡിസ്ട്രിക്ററു്ബോർഡിൻേറയും മുൻസിപ്പാലിററികളുടേയും കീഴിലുള്ള സ്കൂളുകൾ—ഇവയെസംബന്ധിച്ചു് വെവ്വേറെ തീരുമാനങ്ങൾ ചെയ്യേണ്ടതായിവന്നു. ആ ഭാഗമിരിക്കട്ടെ. പൊതുവേ പ്രൈവററുസ്കൂളുകളുടെ പ്രവത്തനം ഒരു നിയമത്തിൻെറ കീഴിൽ നിജപ്പെടുത്താൻ കഴിയാത്തതുകൊണ്ടുള്ള പ്രശ്നങ്ങളാണു് ഡിപ്പാർട്ടുമെൻറിൻെറ തലപ്പത്തും കീഴ്ഘടകങ്ങളിലുമൊക്കെ തീത്താലും തീരാത്ത തലവേദന ഉണ്ടാക്കുന്നതു്. നിലവിലുള്ള ഉത്തരവുകൾക്കും നടപടികൾക്കും പ്രൈവററുസ്കൂളുകളെ സംബന്ധിച്ചിടത്തോളം യാതൊരു നിയമപ്രാബല്യവുമില്ല. തന്നിമിത്തം ഏതു റൂളും ഏതുത്തരവും തെററിക്കാനുള്ള വാസന മാനേജരന്മാരുടെ ഭാഗത്തുനിന്നുണ്ടാവും. അവരാണെങ്കിൽ അദ്ധ്യാപകന്മാരെ അപേക്ഷിച്ചു് കൂടുതൽ കരുത്തും കഴിവും ഉള്ളവരാണു്. അവരുടെ സ്വാധീനവലയത്തിൽ പല കീഴുദ്യോഗസ്ഥന്മാരും പെട്ടുപോകും. ഈ സാഹചര്യത്തിൻെറ ഫലമായി ക്ലേശങ്ങളായ ക്ലേശ

ങ്ങളെല്ലാം അനുഭവിക്കേണ്ടിവരുന്നതു് അദ്ധ്യാപകന്മാരാണു്. പ്രൈവററുസ്കൂളുകളിലെ ഓരോ അദ്ധ്യാപകന്റെയും കാര്യം ഓരോ പ്രശ്നമായിക്കിടക്കുകയാണു്. ശമ്പളസ്കെയിൽ സാരമായി വർദ്ധിപ്പിച്ചതോടുകൂടി അദ്ധ്യാപകനിയമനത്തിലുള്ള അഴിമതി പതിന്മടങ്ങായിത്തീർന്നു. ഇതിനൊക്കെപ്പുറമേ പ്രൈവററുസ്കൂളുകളെ നിയന്ത്രിക്കുന്ന നിബന്ധനകൾക്കു് വല്ലാത്ത വൈവിദ്ധ്യവും വൈരുദ്ധ്യവുമുണ്ടു്.

ഒന്നാമതായി എലിമെൻററി, ഹയർഎലിമെൻററി തൊട്ടുള്ള തരംതിരിവുകളെല്ലാം മാററി സംസ്ഥാനത്തു മുഴുവൻ വിദ്യാഭ്യാസവും പ്രൈമറിനിലവാരത്തിൽ ഏഴുകൊല്ലത്തേക്കും സെക്കന്ററിനിലവാരത്തിൽ മൂന്നുകൊല്ലത്തേക്കുമുള്ളതായി വ്യവസ്ഥപ്പെടുത്തി. ഇന്ത്യാഗവർമ്മെൻറിൻെറ പുതിയ പദ്ധതിയനുസരിച്ചുള്ള ഹയർ സെക്കന്ററിക്ലാസ്സു് പതിനൊന്നാമത്തെക്ലാസ്സു് ആയിരിക്കണമെന്നാണു് വെച്ചിട്ടുള്ളതു്. 1960-ലെ അതു തുടങ്ങും. ലോവർ പ്രൈമറി അഞ്ചുകൊല്ലവും അപ്പർ പ്രൈമറി മൂന്നുകൊല്ലവും എന്ന കണക്കിൽ തിരുകൊച്ചിയിലും, ലോവർ എലിമെന്ററിയും ഹയർ എലിമെൻററിയുംകൂടി പഴയരീതിയിൽ മലബാറിലും, 8 കൊല്ലത്തേക്കുണ്ടായിരുന്ന പ്രാഥമികവിദ്യാഭ്യാസം ഏഴുകൊല്ലത്തേക്കായി ചുരുക്കുകയും ഒന്നാംസ്റ്റാന്റേർഡിൽ ചേരുന്ന കുട്ടിയുടെ വയസ്സു് അഞ്ചരയായിരിക്കണം എന്നു നിജപ്പെടുത്തുകയും ചെയ്തിട്ടുള്ളതു് പൊതുവിദ്യാഭ്യാസത്തിൻെറ കാലം ഹയർ സെക്കണ്ടറി ഉൾപ്പെടെ പതിനൊന്നുകൊല്ലത്തേക്കുള്ളതായി സംവിധാനംചെയ്യണമെന്നുള്ള സെക്കന്ററി എഡ്യൂക്കേഷൻ കമ്മീഷൻെറ നിർദ്ദേശത്തെ അടിസ്ഥാനപ്പെടുത്തിയാണു്.

### കുറഞ്ഞവയസ്സു്

കുറഞ്ഞവയസ്സു് അഞ്ചര ആക്കി ഉയർത്തിയതു് എന്തിനാണെന്നുള്ള ചോദ്യം പല കേന്ദ്രങ്ങളിൽനിന്നും കേട്ടിട്ടു

ണ്ടു്. പ്രൈമറിസ്ക്കൂളിൽ ആദ്യത്തെ ക്ലാസ്സിൽ അഞ്ചോ അതിൽ താഴയോ വയസ്സിൽ കുട്ടികളെ ചേക്കുന്ന സമ്പ്രദായം യാതൊരു പരിഷ്കൃതരാജ്യത്തിലും നടപ്പില്ല. സോവ്യററുയൂണിയനിൽ ഏഴാമത്തെ വയസ്സിലാണു് പ്രൈമറിസ്ക്കൂളിൽ കുട്ടികളെ ചേക്കുന്നതു്. യൂറോപ്യൻരാജ്യങ്ങളിൽ പലതിലും ആറാണു് കുറഞ്ഞവയസ്സു്. ആറരയിൽ നിൽക്കുന്ന രാജ്യങ്ങളുമുണ്ടു്. ഇന്ത്യാഗവൺമെന്റും സെക്കണ്ടറി എഡ്യൂക്കേഷൻ കമ്മീഷനും ലോകത്തിലധികംരാജ്യങ്ങളും അംഗീകരിച്ചിട്ടുള്ള ആറുവയസിൽ നില്ക്കാനാണു് തീരുമാനിച്ചിട്ടുള്ളതു്. ആറുമുതൽ പതിനൊന്നുവയസ്സുവരെ രാജ്യത്തു മുഴുവൻ സൗജന്യമായി വിദ്യാഭ്യാസം നൽകണം എന്നു് ഇന്ത്യാഗവൺമെൻറു് തീരുമാനിച്ചതു് ഈ വയഃപരിധി അംഗീകരിച്ചുകൊണ്ടാണു്. ഇങ്ങനെ ഒരു വയഃപരിധി അംഗീകരിക്കേണ്ടിവന്നതു് കുട്ടികളുടെ ഗ്രഹണശക്തിയെ മുൻനിറുത്തിക്കൊണ്ടാണെന്നുള്ള വസ്തുത വിശേഷിച്ചു് ഓക്കേണ്ടിയിരിക്കുന്നു. പറയത്തക്ക ഗ്രഹണശക്തി കൈവന്നിട്ടില്ലാത്തദശയിൽ ക്രമവൽക്കൃതമായ ഒരു പാഠപദ്ധതിയുമായി മല്ലിടേണ്ടിവന്നാൽ കുട്ടികൾക്കു നൽകുന്ന വിദ്യാഭ്യാസത്തിൽ ഒരു നല്ല ശതമാനം പാഴായിപ്പോകും. അതിൻെറ തെളിവു് മേലോട്ടു മേലോട്ടു കയറിയിട്ടുള്ള ക്ലാസ്സുകളിൽ വർദ്ധമാനമായിക്കാണുന്ന പരാജയമാണു്. കൊല്ലംതോറും പരാജയപ്പെട്ടു പുറംതള്ളിപ്പോകുന്ന വിദ്യാത്ഥികളുടെ ശതമാനം കുറച്ചുകുറച്ചു കൊണ്ടുവരുന്നതിലേയ്ക്കാണു് വയഃപരിധി ഉയത്താൻ മിക്കു രാജ്യങ്ങളും നിർബന്ധിക്കപ്പെട്ടതു്. ഈ സന്ദർഭത്തിൽ മറെറാരു സംശയം ഉദിക്കാം. പഴയകാലങ്ങളിൽ നാലും നാലരയും അഞ്ചും വയസ്സായിട്ടുള്ള കുട്ടികളെ ഒന്നാമത്തെ ക്ലാസ്സിൽചേത്തു് പഠിപ്പിച്ചിരുന്നപ്പോൾ ഗ്രഹണശക്തിയുടെ കാര്യം കണക്കിലെടുത്തിരുന്നില്ലേ? വിദ്യാഭ്യാസരംഗത്തു പൊതുവേ

പാഴ്വേല ഉണ്ടായിരുന്നില്ലേ? ശരിക്കുത്തരം പറയേണ്ട ചോദ്യങ്ങളാണു് ഇവയെന്നു് സമ്മതിക്കുന്നു. പക്ഷേ, അതിനുമുമ്പു് ഒരു വസ്തുത മനസ്സിലാക്കേണ്ടതുണ്ടു്. പണ്ടൊക്കെ സ്കൂളിൽപോയി പഠിക്കാൻ ഒരുമ്പെട്ടിരുന്നതു് സമുദായത്തിന്റെ ഉയൎന്ന പന്തികളിൽനിന്നുള്ള കുട്ടികളായിരുന്നു. സാധാരണന്മാരുടേയും തൊഴിലാളികളുടേയുമൊക്കെ സന്താനങ്ങൾക്കു് സ്കൂൾവിദ്യാഭ്യാസം മിക്കവാറും അനഭിഗമ്യമായിരുന്നു. അന്നത്തെ സ്കൂൾകുട്ടികളിൽ മിക്കവൎക്കും അവരുടേതായിരുന്ന സാംസ്കാരികപാരമ്പര്യത്തിന്റെ ഫലമായി, ക്രമവൽകൃതമായൊരു പാഠപദ്ധതിയുമായി നേരിടാനുള്ള മാനസികശക്തി കുറെ കാലേതന്നെ കൈവന്നിരുന്നു. പോരെങ്കിൽ ആ കുട്ടികൾക്കു് സ്കൂൾവിട്ടാലും വിജ്ഞാനപരിപോഷകമായ ഒരന്തരീക്ഷത്തിൽ കഴിഞ്ഞുകൂട്ടുവാൻ സാദ്ധ്യത ഉണ്ടായിരുന്നുതാനും. പൊതുവിദ്യാഭ്യാസം ഒരതിൎത്തിവരെ സൗജന്യവും സാൎവത്രികവുമാക്കിയതോട്ടുകൂടി ഭൂരിപക്ഷം കുഞ്ഞുങ്ങളും ഇപ്പറഞ്ഞതിന്റെ നേരെമറിച്ചുള്ള പാരമ്പര്യത്തിലും അന്തരീക്ഷത്തിലുംനിന്നു വരുന്നവരായിത്തീൎന്നു. ഇതു് നമ്മുടെരാജ്യത്തു മാത്രമല്ല ലോകത്തിലെല്ലാരാജ്യങ്ങളിലും ഉണ്ടായൊരു സംഭവവികാസമാണു്. യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലുമെല്ലാം നമ്മേക്കാൾ മുമ്പു് പ്രാഥമികവിദ്യാഭ്യാസം സാൎവജനീനമാക്കുകയാൽ കുറഞ്ഞ വയസ്സു് അപ്പോൾത്തന്നെ മേലോട്ടു കയറിവരുകയുണ്ടായി. നാമിപ്പോഴേ ആ പതനത്തിലെത്തുന്നുള്ളു. ഈ ഘട്ടത്തിൽ അല്പാല്പമായിട്ടെങ്കിലും വയസ്സിന്റെ പരിധി ഉയൎത്തിയേ മതിയാകൂ. അതാണു് ഇന്നത്തെ ഗവൺമെൻറു് വയഃപരിധി അഞ്ചിൽനിന്നു് അഞ്ചരയാക്കി വൎദ്ധിപ്പിച്ചതു്. കാലാന്തരത്തിൽ ആറിൽ എത്തേണ്ടിവന്നേക്കും.

മറ്റൊന്നുചെയ്തതു് മലബാറിലെ ഡിസ്ട്രിക്ട്ബോൎഡിന്റെയും മുൻസിപ്പാലിററിയുടേയും കീഴിലുണ്ടായിരുന്ന സ്കൂളു

കളെല്ലാം വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു് ഏറെറടുത്തു എന്നതാണു്. പ്രസ്തുത സ്കൂളുകൾ സക്കാരിലേക്കു ലയിച്ചതോടുകൂടി അവയിൽ പ്രവർത്തിച്ചുവരുന്ന അദ്ധ്യാപകന്മാരുടേയും അദ്ധ്യാപകരല്ലാത്ത ജോലിക്കാരുടേയും സർവീസ്, ശമ്പളം തൊട്ടുള്ള കാര്യങ്ങൾ നിജപ്പെടുത്തേണ്ടിവന്നു. ആയിരത്തിലധികംവരുന്ന സ്കൂളുകളെ സംബന്ധിച്ചുള്ള ഈ ക്രമീകരണം വളരെ ഭാരിച്ച ഒരു ജോലിയായിരുന്നു. എന്നിരുന്നാലും വളരെ ശുഷ്കാന്തിയോടുകൂടി ഗവൺമെൻറു് ആ വിഷയത്തിൽ പ്രവർത്തിക്കുകയും മിക്കകാര്യങ്ങളേയുംസംബന്ധിച്ചു് അവസാനതീരുമാനം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടു്. ഫിഷറിസ്കൂളുകളെല്ലാം വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലേക്കു് ഏല്പിച്ചുകഴിഞ്ഞിട്ടുണ്ടു്.

## ശമ്പളം നേരിട്ടുനൽകുന്നു

ഇനിയും ശേഷിക്കുന്നതു് പരക്കെ സ്വകാര്യമേഖലയിലുള്ള അദ്ധ്യാപകന്മാരുടെ പലതരത്തിലുള്ള പരിരക്ഷയാണു്. അതിലേക്കു് ഒന്നാമതായി ഗവൺമെൻറു് എടുത്ത നടപടി ഗ്രാൻറു്-ഇൻ-എയിഡ്ഡു് സിസ്റ്റത്തിൽ ഗവൺമെൻറിൽനിന്നുകൊടുക്കുന്ന ശമ്പളവും അലവൻസുമെല്ലാം അതാതാളുകൾക്കു് നേരിട്ടു കൊടുക്കുക എന്നതാണു്. മദിരാശി സംസ്ഥാനത്തിൻെറ ഒരുഭാഗമായിരുന്നകാലത്തു് മലബാറിലെ പ്രൈവററു് എലിമെൻററിസ്കൂൾ അദ്ധ്യാപകന്മാക്കു് ശമ്പളഗ്രാൻറു് ഡിപ്പാർട്ടുമെന്റിൽനിന്നു് നേരിട്ടു് മണിയാർഡറായി അയച്ചുകൊടുക്കുന്ന സമ്പ്രദായം നടപ്പിലാക്കിയിരുന്നു. അതു് സംസ്ഥാനത്തൊട്ടുക്കു് വ്യാപിപ്പിക്കുകയാണെങ്കിൽ യാതൊരാൾക്കും അതിനെ ഒരുതെറ്റായ നടപടിയായി ആക്ഷേപിക്കുവാൻ കഴിയുകയില്ലെന്നു് ഗവൺമെൻറിനു തോന്നി. മലബാറിൽ മാത്രമല്ല തിരുകൊച്ചിയിലും അദ്ധ്യാപകസംഘടനകൾ ഏറെക്കാലമായി അത്തരം ഒരു

MG16



നടപടിക്കുവേണ്ടി പ്രക്ഷോഭണം കൂട്ടിയിട്ടുള്ള സ്ഥിതിക്കും അമ്മാതിരി ഒരു തീരുമാനം പൊതുവേ സ്വാഗതാർഹമായിത്തീരും എന്നുള്ള തോന്നല്ലും ഗവൺമെൻറിനുണ്ടായി. 1957-58 ൽതന്നെ ഗവൺമെൻറ് തിരുകൊച്ചിയിൽ പി. എസ്സ്. എസ്സ്. സ്കീമിൽ ഉൾപ്പെട്ടുനിന്ന സ്കൂളുകൾ ഒഴിച്ച് മറ്റെല്ലാസ്കൂളുകളില്വം നേരിട്ടു ശമ്പളംകൊടുക്കുന്ന പരിപാടി നടപ്പാക്കി. ഉടനേതുടങ്ങി മാനേജരന്മാരുടെ, പ്രത്യേകിച്ച് കത്തോലിക്കാ മാനേജരന്മാരുടെ പ്രതിഷേധനടപടികൾ. അതിനുമുമ്പേതന്നെ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയിരുന്ന വിദ്യാഭ്യാസബില്ലിനെതിരായി സംഘടിപ്പിച്ചിരുന്ന പ്രക്ഷോഭണം അതിൻെറ രീതിയിലങ്ങനെ പൊയ്ക്കൊണ്ടിരുന്നതിനിടയ്ക്ക് ഡയറക്ട് പേമെൻറിനെതിരായി ഏതാനും കത്തോലിക്കാമാനേജരന്മാർ കേരളഹൈക്കോടതിയിൽ മൂന്നു റിട്ടഹർജികൾ ഫയലാക്കി. അവരുടെ കീഴില്വള്ള ഒരുവിഭാഗംസ്കൂളില്വം ഒന്നുരണ്ടുമാസത്തേക്ക് ഹെഡ്മാസ്റ്ററെക്കൊണ്ട് ബില്ലെഴുതിച്ച് ശമ്പളംവാങ്ങുന്ന ഏർപ്പാട്ട് സ്വീകരിച്ചില്ല. പ്രമുഖന്മാരായ അഭിഭാഷകരെക്കൊണ്ട് റിട്ടഹർജികൾ വാദിപ്പിക്കുവാൻ അവർ ഏർപ്പാട്ടചെയ്തു. ഡയറക്ട്പേമെൻറ് പണ്ടേ എല്ലാവരും അംഗീകരിച്ചിട്ടുള്ള വിദ്യാഭ്യാസകോഡിനും പോരെങ്കിൽ ഭരണഘടനക്കുതന്നെയും വിരുദ്ധമാണെന്നുവരെ വാദിക്കാൻ മാനേജർഭാഗത്തെ അഭിഭാഷകന്മാർ മടിച്ചില്ല.

## ഡയറക്ട് പേമെൻറും തിരുസഭയും

ഇവിടെ പ്രത്യേകിച്ച് ഓർത്തിരിക്കേണ്ട രസമുള്ള ഒന്നുരണ്ടു സംഗതികളുണ്ട്. തങ്ങൾക്കെതിരായി വിദ്യാഭ്യാസകോഡനുസരിച്ച് ഡിപ്പാർട്ടുമെൻറിൽനിന്ന് നടപടിയെടുത്തിട്ടുള്ള ഓരോ അവസരത്തില്വം കോഡിനു നിയമപ്രാബല്യമില്ല എന്നു കോടതിയിൽ പരസ്യമായി വാദിക്കുകയും ആ അടിസ്ഥാനത്തിൽ വിധിവാങ്ങുകയുംചെയ്തിട്ടുള്ളവരാണ് മാനേജ

രന്മാർ. ആ വസ്തുതയെല്ലാം വിസ്മരിച്ചുകൊണ്ടാണു് അവർ കോഡിനു നിയമസാധുത്വം ഉണ്ടെന്നു സിദ്ധവല്ക്കരിച്ചുകൊണ്ടു് അതനുസരിച്ചുള്ള ഗ്രാൻറു്-ഇൻ-എയിഡ്സിസ്റ്റം ഭേദപ്പെടുത്തി അദ്ധ്യാപകർക്കുംമററും നേരിട്ടു ശമ്പളംകൊടുക്കാൻ ഏർപ്പാടുചെയ്തതു് നിയമവിരുദ്ധമാണെന്നു് വാദിക്കാൻ ഒരുമ്പെട്ടതു്. ഗ്രാൻറ്-ഇൻ-എയിഡ്സിസ്റ്റമനുസരിച്ചു് ശമ്പളഗ്രാൻറു് തങ്ങളൊപ്പിട്ട ബില്ലിൻപടി സർക്കാരിൽനിന്നു വാങ്ങി തങ്ങൾക്കിഷ്ടമായരീതിയിൽ അദ്ധ്യാപകശമ്പളം വിതരണംചെയ്യുവാനുള്ള അവകാശം മാനേജരന്മാർക്കു് മൗലികമായിട്ടുള്ളതാണെന്നും അതിനാൽ നേരിട്ടു ശമ്പളംകൊടുക്കാനുള്ള ഗവൺമെൻറുത്തരവു് ഭരണഘടനയ്ക്കുപോലും എതിരാണെന്നുംകൂടി സവിസ്തരം വാദിച്ചിട്ടേ റിട്ടു്ഹർജിക്കാർ അടങ്ങിയുള്ളു. ഏതാനുംദിവസത്തേക്കു നീണ്ടുനിന്ന ആ വാദഗതികളെല്ലാം ക്രോഡീകരിച്ചു വിമർശിച്ചു് ഹൈക്കോടതി വിധിപറഞ്ഞതു് ഗവർമ്മെൻറുത്തരവിനെ ശരിവച്ചുകൊണ്ടാണു്. വിധി ന്യായത്തിൽ പറഞ്ഞിട്ടുള്ള "He who pays the piper has not only the right to order the tune but also to see that payment reaches the piper" എന്നുള്ള വാചകം മാനേജരന്മാരുടെ വിതണ്ഡാവാദങ്ങൾക്കെല്ലാം ഒന്നാംതരം മറുപടിയാണു്. ആ കോടതിവിധിയുടെ വെളിച്ചത്തിൽ നമ്പള്ളിയിൽനിന്നു് ആരംഭിച്ചു് പൈലിയും ജാണുംമററും പരിഷ്കരിച്ചു് ഒടുവിൽ മിക്കവാറും പള്ളിപദ്ധതിയായിത്തീർന്നു. പി. എസ്സ്. എസ്സ്. സ്കീംതന്നെയും റദ്ദാക്കി അതിൽ ഉൾപ്പെട്ടുനിന്നിരുന്ന സ്ക്കൂളുകളിലും ഡയറക്റ്റ്പേമെൻറ് നടപ്പാക്കാവുന്നതാണെന്നു് ഗവൺമെൻറിനു് ബോദ്ധ്യമായി. 1958-59ൽ പി. എസ്സ്. എസ്സ്. സ്കീം മേഖലയിലേക്കു് ഡയറക്റ്റ് പേമെൻറ് നടപ്പാക്കിക്കൊണ്ടു് ഉത്തരവായി. ഫീസ്പിരിവ്മുഴവൻ ട്രെഷറിയിലാക്കുവാ

നും അദ്ധ്യാപകശമ്പളം അദ്ധ്യാപകക്കും സ്കൂൾ സംരക്ഷണത്തിലേയ്ക്കുള്ള ഗ്രാൻറ് മാനേജരന്മാക്കും നേരിട്ട സക്കാരിൽനിന്നും കൊടുക്കുവാനും നിശ്ചയിച്ചുകൊണ്ടാണ് ആ ഉത്തരവിറങ്ങിയതു്. അതോടെ കേരളസംസ്ഥാനത്തുടനീളം പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാക്ക് മാസംതോറും ശമ്പളവും അലവൻസും മാനേജരന്മാരുടെ സന്നിധിയിൽ ഓച്ഛാനിച്ചു നിൽക്കാതെ സക്കാരിൽനിന്നു് നേരിട്ടവാങ്ങാവുന്നൊരു പുതിയ പാരമ്പര്യം സൃഷ്ടിക്കപ്പെട്ടു. ശമ്പളഗ്രാൻറിൽ വെട്ടിക്കുറവുനടത്തി അദ്ധ്യാപകരെ തോല്പിക്കുന്ന ആ നാശംപിടിച്ച പാരമ്പര്യം എന്നേക്കുമായി അവസാനിക്കുകയും ചെയ്തു. ഇന്ത്യയിൽ മറെറാരുസംസ്ഥാനത്തും ഇത്തരം ഒരു നടപടി പരക്കെ ഉണ്ടായിട്ടില്ല എന്ന വസ്തുത ഈ സന്ദർഭത്തിൽ സ്മത്തവ്യമാണു്. മദിരാശിസംസ്ഥാനത്തു് ഈയിടേയാണു് നേരിട്ട ശമ്പളംകൊടുക്കുന്ന ഏർപ്പാടു് പരക്കെ നടപ്പാക്കാൻ ആലോചിക്കുന്നതു്. കേന്ദ്രഗവൺമെൻറിന്റെ നേരിട്ട കീഴിലുള്ള ഡെൽഹിസംസ്ഥാനത്തും ഏതാണ്ടിതുപോലൊന്നു് ഏർപ്പെടുത്തുവാൻ പോകുന്നതായി അറിയുന്നുണ്ടു്. എന്നിട്ടും ഡയറക്ട്പേമെൻറു് മാനേജരന്മാരുടെമേൽ കുതിരകയറലാണെന്നും, മതം അപകടത്തിലാക്കാൻപോലും പര്യാപ്തമാണെന്നും ഇവിടത്തെ കത്തോലിക്കാമാനേജരന്മാർ വീണ്ടും വീണ്ടും വാദിക്കുകയാണു്. മെത്രാന്മാരും മെത്രാപ്പോലീത്തന്മാരുമായി 16 തിരുസഭാനേതാക്കന്മാർ ഒരുമിച്ചൊപ്പിട്ടു് ഇറക്കിയിട്ടുള്ള ആ ഇടയലേഖനത്തിൽപ്പോലും ഈ പരാതി ഉന്നയിച്ചിട്ടുണ്ടു്.

## വിദ്യാഭ്യാസബിൽ

നേരിട്ട ശമ്പളംകൊടുക്കാനുള്ള ഏർപ്പാടു് പ്രാബല്യത്തിൽ വന്നാൽത്തന്നേയും അദ്ധ്യാപകന്മാരുടെ നിയമനം, സർവീസ്തൊട്ടുള്ള കാര്യങ്ങളും ഗവൺമെൻറ്, മാനേജ്

മെൻറു്, അദ്ധ്യാപകർ എന്നി ഘടകങ്ങൾതമ്മിൽ ഉണ്ടാ യിരിക്കേണ്ട ബന്ധങ്ങളും വ്യവസ്ഥപ്പെടാത്തകാലത്തോ ളം പ്രൈവററുസ്കൂൾമേഖലയിൽ ദിവസംപ്രതിയെന്നോണം അ നുഭവപ്പെട്ടുപോരുന്ന പ്രയാസങ്ങൾക്കും പരാതികൾക്കും അറു തിഉണ്ടാവുകയില്ല. ഈ വസ്തുതയെ മുൻനിറുത്തിക്കൊണ്ടു് ഇന്നത്തെ ഗവൺമെൻറു് അധികാരത്തിൽവന്നു് അധികം താമസിയാതെതന്നെ ഒരു വിദ്യാഭ്യാസബില്‍ തയ്യാറാക്കി നി യമസഭയിൽ അവതരിപ്പിക്കുവാൻ തീരുമാനിച്ചു. കഴിഞ്ഞ കാലങ്ങളിൽ ഗവൺമെൻറുനിലവാരത്തിൽ ഉണ്ടായിട്ടുള്ള നടപടികളെല്ലാം സൂക്ഷ്മമായി പരിശോധിക്കുകയും അദ്ധ്യാ പകസംഘടനകളുടേയും പെൻഷൻപററിപ്പിരിഞ്ഞ വിദ്യാ ഭ്യാസ ഡയറക്ടറന്മാരടക്കം ഒട്ടേറെ പ്രാമാണികന്മാരുടേയും നിർദ്ദേശങ്ങളെ കണക്കിലെടുക്കുകയും ചെയ്തുകൊണ്ടാണു് ബില്ലിൻെറ കരട്ടു് തയ്യാറാക്കിയതു്. ആന്ധ്രയിൽ 1956ൽ പ്രൈവററുസ്കൂളുകൾ ഏറ്റെടുക്കാനുള്ള ഒരു നിയമംതന്നെ പാസ്സാക്കുകയും അതനുസരിച്ചു് ഒന്നിലധികം ജില്ലകളിലെ സ്കൂളുകൾ ആന്ധ്രാഗവൺമെൻറു് ഏറെറടുക്കുകയും ചെയ്തു വസ്തുത കരടുബില്‍ തയ്യാറാക്കിയപ്പോൾ അതിനുത്തരവാദ പ്പെട്ടിരുന്നവർ ഓക്കാതിരുന്നില്ല. വിദ്യാഭ്യാസവിഷയ ത്തിൽ കേരളസംസ്ഥാനം മറെറല്ലാസംസ്ഥാനങ്ങളേയും കട ത്തിവെച്ചു് മുന്നോട്ടുപോയിട്ടുള്ളതു് പ്രൈവററു് ഏജൻസി കളുടെയും അവക്കു കരുത്തുണ്ടാക്കിക്കൊടുത്ത ജനസമുദായങ്ങ ളുടേയും സർവോപരി ആ ഏജൻസികളുടെകീഴിൽ പ്രവ ത്തിച്ച അദ്ധ്യാപകസഹസ്രങ്ങളുടേയും ത്യാഗഭൂയിഷ്ഠമായ സേവനംകൊണ്ടാണെന്നു് ഏതു ഗവൺമെൻറായാലും സമ്മ തിച്ചേതീരൂ. തന്നിമിത്തം കരടുബില്ലിൽ ആന്ധ്രയിലെപ്പോ ലെ വിദ്യാലയങ്ങളുടെ ദേശസാല്ക്കരണത്തിന്നൊരുമ്പെട്ടില്ല. പ്രൈവററ് ഏജൻസികളുടെ സഹകരണം മേലിലും വേ

ണമെന്നതന്നെയാണു് ബില്ലിന്റെ ഉപജ്ഞാതാക്കന്മാർ തീരുമാനിച്ചതു്. പക്ഷെ സംസ്ഥാനത്തെ സ്കൂളുകളിൽ ഭൂരിഭാഗവും പ്രൈവറ്റു് ഏജൻസികളുടെ കീഴിലായിരിക്കുകയും അവയുടെ എണ്ണം ഏഴായിരത്തോളം എത്തുകയും ചെയ്തിട്ടുള്ള സ്ഥിതിക്കു് പണ്ടത്തെരീതിയിൽ അവയുടെ പ്രവത്തനം അനിയന്ത്രിതമായ 'യജമാനഭൃത്യ' ബന്ധത്തിന്മേൽ കിടന്നു കറങ്ങിക്കൊള്ളട്ടെ എന്നു വയ്ക്കുവാൻ സാദ്ധ്യമല്ലെന്നു ബോദ്ധ്യമാവുകയാൽ അതിനെ ശരിയാം വഴിക്കു കൊണ്ടുപോകുവാൻ ആവശ്യമായ വ്യവസ്ഥകൾ കരടുബില്ലിൽ ഉൾക്കൊള്ളിക്കേണ്ടതായിവന്നു. അത്രയും നിയന്ത്രണം ഒരു നിയമത്തിലൂടെ ഏർപ്പെടുത്തുവാൻ ഗവൺമെൻറിനെ പ്രേരിപ്പിച്ചതു് പ്രൈവററുസ്കൂൾ നടത്തിപ്പിലേക്കു് അദ്ധ്യാപകാദികളുടെ ശമ്പളമടക്കം ആണ്ടോടാണ്ടുള്ള ചിലവു മുഴുവൻ പൊതുഖജനാവിൽനിന്നു് വഹിക്കേണ്ടിവന്നിരിക്കുന്നു എന്ന വസ്തുതയാണു്. പൊതുഖജനാവിൽനിന്നു് ധനസഹായം യാതൊന്നും ലഭിക്കാതെ നടക്കുന്ന എല്ലാത്തരം ഏർപ്പാടുകളിലും തൊഴിലുടമകളുടെ കീഴിൽ തൊഴിലാളികൾക്കു് ന്യായമായ പരിരക്ഷകൾ കൈവരത്തക്കവിധം നിയമങ്ങൾ പ്രാബല്യത്തിൽ വന്നിരിക്കെ മേല്പറഞ്ഞവിധം തികച്ചും സക്കാർഗ്രാൻറിന്മേൽ പ്രവത്തിച്ചുപോരുന്ന പ്രൈവററുസ്കൂളുകളുടെ പ്രവർത്തനത്തിൽ ഏറെക്കുറെ നിയന്ത്രണംഏർപ്പെടുത്താൻ നിയമം കൊണ്ടുവരുന്നതു് യാതൊരുതരത്തിലും ഒരു കൈയ്യേററമായി കരുതിക്കൂടാ. നിയമവശാൽ പൊന്തിവന്നേക്കാവുന്ന ഈമാതിരി തത്വവിചാരങ്ങളെല്ലാം കഴിഞ്ഞതിനുശേഷമാണു് കരടുബിൽ പാർട്ടിയും ഗവൺമെൻറും സാങ്കോപാങ്കം പരിശോധിച്ചു് അംഗീകരിച്ചതു്.

## "മദ്ധ്യതിരുവിതാംകൂറിൽ" നിന്നും വീണ്ടും എതിർപ്പു്

കരടുബിൽ രൂപംകൊള്ളുന്നതായി കേട്ട ദിവസംതൊട്ടു് ഈ സംസ്ഥാനത്തെ, പ്രത്യേകിച്ചു് മദ്ധ്യതിരുവിതാംകൂറിലെ

മാനേജുമെൻറുകൾ എതിർപ്രചാരവേല തുടങ്ങി. ആ പ്രചാരവേലയുടെ പോക്ക് പ്രൈവററ് സ്കൂളുകളെ സംബന്ധിച്ച് ഏർപ്പെടുത്തുന്ന ഏതു നിയന്ത്രണവും മതത്തോടും സംസ്കാരത്തോടുമുള്ള കയ്യേററമായിരിക്കും എന്നു വരുത്തിക്കൂട്ടാനായിരുന്നു. പി. എസ്സ്. എസ്സ്. സ്കീം ആസൂത്രണം ചെയ്ത കാലത്തും ഇതേ ശൈലിയിൽ അതേമാനേജ്മെൻറുകൾ പ്രചാരവേല ചെയ്തിട്ടുണ്ട്. കരടുബില്ല് പ്രസിദ്ധീകൃതമായപ്പോൾ അതിലെ ഏതാനും വ്യവസ്ഥകളെസംബന്ധിച്ച് മേല്പറഞ്ഞ മാനേജർവിഭാഗത്തിൻെറ മണ്ഡലത്തിൽ നിന്നു് രൂക്ഷമായ വിമർശനങ്ങളുണ്ടായി. പ്രൈവററുസ്കൂളിലെ ഓരോ നിയമനത്തിനും ആളെ തിരഞ്ഞെടുക്കുന്നതു് ഡി. ഈ. ഒ. കൺവീനറായുള്ള 'പ്രാദേശികവിദ്യാഭ്യാസസമിതി' ആയിരിക്കണം എന്നായിരുന്നു കരടുബില്ലിലെ വ്യവസ്ഥ.

പൊതുവിദ്യാഭ്യാസത്തിൽ കത്തോലിക്കാസഭാധികൃതന്മാർ നിർബന്ധിച്ചവകാശപ്പെടുന്ന വിഭാഗീയ താല്പര്യങ്ങളെപ്പററി യൂറോപ്പിലും അമേരിക്കയിലുമെല്ലാം നിശിതമായ വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. കെന്നത്ത് റിച്ച് മണ്ഡു് എന്ന ബ്രിട്ടീഷുകാരൻ രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം നോക്കുക: "വിഭാഗീയതയെച്ചൊല്ലിയുള്ള അന്ധമായ പ്രചരണവും പോരും, ഉദ്ദേശം എത്രതന്നെ നല്ലതാണെങ്കിൽപ്പോലും, പുരോഗതിയുടെ മുമ്പിൽ അതൊരു വിലങ്ങുതടിയായി നിൽക്കുകയാണു്. സാംസ്കാരികാവകാശങ്ങളെ അതു് ലംഘിക്കുകൂടി ചെയ്തിരിക്കുന്നു. മതപരമായ കാര്യങ്ങളൊഴിച്ച്, വിദ്യാഭ്യാസകാര്യങ്ങളിലുള്ള പള്ളിയുടെ പങ്കു് ഇന്നത്തെ കാലഘട്ടത്തിനു് യോജിച്ചതേയല്ല". "അവരുടെ സാംസ്കാരികപ്രവർത്തനങ്ങൾതന്നെ പിന്നോട്ടടിപ്പിക്കുന്നവയാണെന്നാവേണം കരുതുവാൻ. വിദ്യാഭ്യാസകാര്യങ്ങളിൽ സ്റ്റേററിനാണു് ചുമതലയെങ്കിൽ, പള്ളി മുമ്പുണ്ടായിരുന്ന സ്ഥിതിയിൽനിന്നു് പുറകോട്ടു മാറി

യെതിരു. വിദ്യാഭ്യാസമേഖലയിൽ പള്ളിയാണു് ഏററവും ആദ്യത്തെ ഏൻസി എന്നുള്ള വസ്തുത സമ്മതിച്ചാൽ തന്നെയും വിദ്യാഭ്യാസമേഖലയിൽ നിരന്തരം ഇടപെടുവാനുള്ള ദൈവികാവകാശം ഇതുകൊണ്ടു സിദ്ധിക്കുന്നില്ല. വിഭാഗീയതാല്പര്യങ്ങൾക്കു് അതിന്റേതായ സ്ഥാനമുണ്ടു്; പക്ഷെ, അതു് വിദ്യാലയങ്ങൾക്കുള്ളിലല്ലെന്നുമാത്രം" ഏററവും ഉഗ്രമായ പ്രതിഷേധം ആ വ്യവസ്ഥക്കെതിരായിട്ടായിരുന്നു. സർക്കാരിൽനിന്നുനേരിട്ടു ശമ്പളംകൊടുക്കുക, സർവീസു് സുരക്ഷിതമാക്കുക, മാനേജ്മെന്റുകളെ നിയന്ത്രിക്കുക, ദുർഭരണമുണ്ടായാൽ മാനേജ്മെന്റു് ഏറെറടുക്കുക, എന്നിട്ടും ശരിപ്പെടാത്ത സ്കൂൾ വിലകൊടുത്തെടുക്കുക—ഇവയെല്ലാമായി കൊള്ളിച്ചിരുന്ന വ്യവസ്ഥകളും കണക്കിലേറെ ആക്ഷേപിക്കപ്പെട്ടു. സംസ്ഥാനത്തെ കത്തോലിക്കാ മാനേജ്മെന്റുകൾ കരടുബിൽ അപ്പാടെ പിൻവലിക്കണം എന്ന നിലപാടാണു് കൈക്കൊണ്ടതു്. ആ എതിർപ്പിന്റെ നേതൃത്വം വഹിച്ചതു് മദ്ധ്യതിരുവിതാംകൂറിലെ കത്തോലിക്കാ കാർപ്പറേററു് മാനേജ്മെന്റുകളാണു്. കരടുബിൽ 1957 സെപ്തംബറിൽ നിയമസഭയിൽ അവതരിപ്പിക്കാറായപ്പോഴേക്കും കത്തോലിക്കാ മാനേജ്മെന്റുകളുടെ പ്രതിഷേധം ഏതാണ്ടൊരു കൊടുങ്കാററായി മാറി. രാജ്യത്തു് എല്ലാവരുംതന്നെ തങ്ങളോടൊന്നിച്ചുനിന്നു് ഗവൺമെന്റിന്റെ നിയമനിർമ്മാണനടപടിയെ എതിർക്കുന്നുണ്ടെന്നുള്ള ഒരു ധാരണ, പ്രത്യേകിച്ചു് സംസ്ഥാനത്തിനു പുറമേ വരുത്തിവക്കുവാൻ പ്രക്ഷോഭകാരികൾ അങ്ങേയററം പരിശ്രമിച്ചുകൊണ്ടിരുന്നു. ഇന്ത്യയിൽ കത്തോലിക്കർ ഏതേതിടത്തുണ്ടോ, അവിടെയെല്ലാം പ്രതിഷേധപ്രമേയങ്ങൾ അങ്ങിനെ പാസ്സാവുകയായി. പക്ഷെ, വാസ്തവത്തിൽ കേരളത്തിലെ ജനങ്ങളിൽ വലിയൊരുഭാഗം ഗവൺമെന്റിന്റെ ഭാഗത്തായിരുന്നു. കമ്മ്യൂണിസ്റ്റ്പാർട്ടിയും അതിന്റെ അണി

യിലുള്ള ജനങ്ങളും മാത്രമല്ല ശ്രീ. മന്നത്തു പത്മനാഭനെപ്പോലുള്ള സാമുദായികനേതാക്കന്മാരൊക്കെത്തന്നെയും ബിൽ പാസ്സാക്കിയെട്ടത്തു് നടപ്പാക്കിയേകഴിയൂ എന്നൊക്കെ പ്രഖ്യാപിക്കുകയുണ്ടായി. ക്രിസ്ത്യൻ മാനേജ്മെൻറുകൾ വിഭാവനംചെയ്യപ്പെട്ടത്തോളമൊന്നും ആപല്ക്കരമല്ല കരട്ടബില്ലെന്നുള്ള അഭിപ്രായഗതിയാണു് ക്രൈസ്തവേതരമാനേജ്മെൻറുകൾക്കുണ്ടായതു്.

**കുറവടിജാഥ**

ബിൽ നിയമസഭയിൽ അവതരിപ്പിച്ചദിവസം ഒരു ചരിത്രസംഭവമായിരുന്നു. പ്രക്ഷോഭകാരികളുടെ നേതൃത്വത്തിൽ പതിനായിരക്കണക്കിനാളുകൾഅടങ്ങിയ ഒരു കൂറ്റൻ ജാഥകുറുവടിയിന്മേൽ മെഴുകുതിരിയുംകുത്തി തലസ്ഥാനനഗരിയിലെ നെട്ടവീഥിയിലൂടെ മാർച്ചുചെയ്തു് പഴവങ്ങാടി മൈതാനത്തെത്തി യോഗംകൂടി പ്രതിഷേധപ്രമേയം പാസ്സാക്കിക്കളഞ്ഞു. ആ ജാഥയുടെ വരവോടുകൂടി എന്തെല്ലാമോ സംഭവിക്കും എന്നു പ്രതീക്ഷിച്ചുകൊണ്ടു് അനേകം വിദേശപത്രലേഖകന്മാർ പടംപിടിക്കാനുള്ള സാമഗ്രികളോടുകൂടി തലസ്ഥാനത്തെത്തി കാത്തുകിടന്നിരുന്നു. ജാഥ സെക്രട്ടേറിയേററിൻെറ മുമ്പിലൂടെ കടന്നുപോയപ്പോൾ പ്രസ്തുത ലേഖകന്മാർ പലരും പടം പിടിക്കുകയുണ്ടായി. പക്ഷെ അവരുടെ ഭാഗ്യക്കേടിനു് ആ ജാഥയുടെ വരവും പോക്കുംനിമിത്തം യാതൊരനിഷ്ടസംഭവവും തലസ്ഥാനത്തുണ്ടായില്ല. ഗവൺമെൻറും നിയമസഭയും തലേദിവസത്തേപ്പോലെ പിന്നെയും പ്രവൎത്തിച്ചുകൊണ്ടിരുന്നു. വിദേശപത്രലേഖകന്മാർ മന്ത്രിമാരേയും കമ്മ്യൂണിസ്റ്റ്പാർട്ടിനേതാക്കന്മാരെയും എന്നല്ല കയ്യിൽകിട്ടിയ പല മാന്യന്മാരെയും നേരിട്ടുകണ്ടു് പ്രക്ഷോഭണം മാനത്തെറിഞ്ഞ വടിപോലെ വീണതിൻെറ കാരണങ്ങൾ തിരക്കിപ്പിടിച്ചു് അധികമാരും അറിയാതെ തിരിച്ചുപോയി.

## ബിൽ നിയമസഭയിൽ

കരട്ടുബിൽ നിയമസഭയിൽ കുറെ ഏറെ ദിവസത്തോളം വിവാദവിഷയമായിരുന്നു. ക്രിസ്ത്യൻ മാനേജ്മെൻറുകൾ, ബിൽ നിശ്ശേഷം പിൻവലിക്കണം എന്നുവരെ വാദിച്ചു എന്നിരുന്നാലും നിയമസഭയിൽ കാൺഗ്രസ്സുടക്കമുള്ള പ്രതിപക്ഷങ്ങൾ വാദപ്രതിവാദവേളയിൽ അമ്മാതിരി ഒരെതിർപ്പിനു തയ്യാറായിരുന്നില്ല. പ്രൈവററുസ്ക്കൂളിനെ നിയന്ത്രിക്കുവാൻ ഏതാണ്ടൊരു നിയമംകൂടിയേ കഴിയൂ എന്നുള്ള അഭിപ്രായം എല്ലാം രേഖപ്പെടുത്തി. കത്തോലിക്കാ വൈദികനേതൃത്വത്തിന്റെ വക്താക്കളായിരിക്കുവാൻ നേരിട്ടുള്ള ചുരുക്കംചില കാൺഗ്രസ്സ് മെമ്പറന്മാർ ബിൽ തീരഞ്ഞും ഉപേക്ഷിക്കണം എന്നു വാദിച്ചപ്പോൾപോലും കാൺഗ്രസ്സ്പാർട്ടിയുടെ നേതാവും കത്തോലിക്കനുമായ ശ്രീ. പി. ടി. ചാക്കോ ആ സ്വരത്തിൽ സംസാരിച്ചില്ല എന്നുള്ളതു് മറക്കാൻപാടില്ലാത്തൊരു കാര്യമാണു്. പൊതു ചർച്ചക്കുശേഷം കരടുബിൽ എല്ലാകക്ഷികളിലെയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു സിലക്ട്കമ്മററിക്കു് റഫർചെയ്തു. കമ്മററിയിൽ ഇരുപത്തൊന്നു മെമ്പറന്മാർ ഉണ്ടായിരുന്നു. അതിൻെറ ഒന്നാമത്തെ യോഗത്തിൽവച്ചു് തീരുമാനിച്ചു, കമ്മററി സംസ്ഥാനത്തിൻെറ പലഭാഗങ്ങളിലും പോയി തെളിവെടുക്കേണ്ടതാണെന്നു്. വാസ്തവത്തിൽ മാനേജ്മെൻറുകളുടേയും അദ്ധ്യാപകസംഘടനകളുടേയും പ്രമുഖരായ വിദ്യാഭ്യാസപ്രവർത്തകരുടേയും അഭിപ്രായങ്ങളിൽകവിഞ്ഞൊന്നും ആരായേണ്ടതുണ്ടായിരുന്നില്ല. അതു തിരുവനന്തപുരത്തുവച്ചു ചെയ്യാമായിരുന്നുതാനും. പക്ഷെ പ്രതിപക്ഷനേതാവായ ശ്രീ. പി. ടി. ചാക്കോയുടേയുംമററും അഭിപ്രായത്തെ ആദരിച്ചുകൊണ്ടു് പൊതുജനങ്ങളിൽനിന്നുപോലും തെളിവെടുക്കാൻ കമ്മററി സമ്മതിക്കുകയും അതനുസരിച്ചു് ആലുവാ കൊട്ടാരത്തിൽ

വച്ച് മൂന്നുദിവസം കമ്മററി സമ്മേളിച്ച് തെളിവെടുക്കുകയുംചെയ്തു.

## ആലുവായിലെ തെളിവെടുപ്പും

ആ തെളിവെടുപ്പും ഒരു ചരിത്രസംഭവമായിരുന്നു. പാലാ, തൊടുപുഴ, മൂവാററുപുഴ തൊട്ടുള്ള കിഴക്കൻ മലയോരങ്ങളിൽനിന്നു് പണിആയുധങ്ങളോടുകൂടി ആളുകളങ്ങനെ വന്നുകയറി, ആലുവായിൽ. ഓരോ ഇടവകയിലേയും അച്ചന്മാർ ദൈവംതമ്പുരാൻെറ പേരിൽ അനുശാസിച്ചതു് കേട്ടുംകൊണ്ടാണു് അത്രയേറെ കത്തോലിക്കാ അൽമേനികൾ ആലുവായിൽ എത്തിക്കൂടിയതു്. സെലക്ട്കമ്മററിയോടു് എന്തു പറയാനാണു് തങ്ങൾ വന്നതെന്നു് അവരിൽ മിക്കവക്കും അറിഞ്ഞുകൂടായിരുന്നു. ഒരു കാര്യം അവർ ചെയ്തു. ആലുവാ പട്ടണത്തിൽ ഏതാനും മണിക്കൂർ നേരത്തേക്കു് അവരൊരു ബഹളമുണ്ടാക്കി; മാത്രമല്ല ആ ബഹളം സിലക്ട് കമ്മററികൂടിക്കൊണ്ടിരുന്ന കൊട്ടാരമുറിയുടെ വാതില്പടി വരെ എത്തിക്കുകയുംചെയ്തു. പോലീസു് കടന്നുകയറി തടുക്കാനൊന്നും പോകാഞ്ഞതിനാൽ അത്രയും ചെയ്യാൻ അവക്കൊരുപ്രയാസവുമുണ്ടായില്ല. യാതൊരെത്തും പിടിയുമില്ലാതെ മലവെള്ളംപോലെ കയറിവന്ന ആ കിഴക്കൻ കൃഷിക്കാരോടെല്ലാം വിദ്യാഭ്യാസബില്ലിലെ വ്യവസ്ഥകളെസംബന്ധിച്ച് തെളിവെടുക്കണമെന്നു് പ്രതിപക്ഷനേതാവായ ശ്രീ. ചാക്കോ എടുത്തെടുത്തു് ആവശ്യപ്പെട്ടപ്പോൾ ഞാനെന്നല്ല കമ്മററിയിലെ മറെറല്ലാ മെമ്പറന്മാരുംതന്നെ അമ്പരന്നുപോയി. ശ്രീ. ചാക്കോയുംമററും പറകൊട്ടി ഘോഷിക്കുന്ന പാർലമെൻറി ഡെമോക്രസിയുടെനേരെ കാൺഗ്രസ്സിൻെറ നേതൃത്വത്തിൽ പരസ്യമായി നടത്തിയ ഒന്നാമത്തെ വെല്ലുവിളി ആലുവാ കൊട്ടാരത്തിൽവച്ചുണ്ടായ കത്തോലിക്കരുടെ ആ ഇരച്ചുകയററമാണെന്നു പറയാം. അതങ്ങിനെ

യിരിക്കട്ടെ. പിറേറദിവസം കൊട്ടാരത്തിൻെറ പടിയ്ക്കൽ പോലീസ്സ് ബന്തവസ്സ് ഏൎപ്പെടുത്തിയതോടെ തലേദിവസം വന്നുകയറിയ മലവെള്ളം പെട്ടെന്നിറങ്ങിപ്പോയി. തെളിവെടുപ്പ് മൂന്നുദിവസം മുറയ്ക്കു നടന്നു. ബില്ലിനെതിരായി തെളിവുതന്നവർ ഏറിയഭാഗവും കത്തോലിക്കരായിരുന്നു. ബില്ലിനു് അനുകൂലമായി തെളിവുതരാൻ അദ്ധ്യാപകസംഘടനകൾ മാത്രമല്ല ഒററയ്ക്കൊററയ്ക്കു് അനേകം വ്യക്തികളും മുന്നോട്ടുവരികയുണ്ടായി. ആലുവാ പരിപാടിക്കുശേഷം തിരുവനന്തപുരത്തുവച്ചും തെളിവെടുപ്പുണ്ടായി, രണ്ടോ മൂന്നോ ദിവസത്തേയ്ക്കു്. ഒട്ടാകെ 43 പേരിൽനിന്നു് തെളിവെടുക്കുകയുണ്ടായി. അതെല്ലാം അച്ചടിച്ചു മെമ്പറന്മാൎക്കു് വിതരണംചെയ്തതിനുശേഷമേ സെലക്ട്കമ്മററി ബിൽ പരിശോധിക്കാൻ തയ്യാറായുള്ളു. പൊതുതത്വചൎച്ചയിൽ എല്ലാ കക്ഷികളും സജീവമായി പങ്കെടുക്കുകയുണ്ടായി. അദ്ധ്യാപകനിയമനത്തിനു് നിൎദ്ദേശിച്ചിരുന്ന ഏജൻസി കമ്മ്യൂണിസ്റ്റുകളെ കടത്തിവിടാനുള്ള ഒരൊളിവാതലായി തീരാനിടയുണ്ടെന്നു് മദ്ധ്യതിരുവിതാംകൂറിലെ മാനേജ്മെൻറുകൾ പറഞ്ഞു പരത്തിയിരുന്ന അഭിപ്രായം സിലക്ട്കമ്മറ്റി യോഗത്തിലും പൊന്തിവരുകയുണ്ടായി.

## ലിസ്റ്റു തയാറാക്കൽ

അപ്പോഴേ ഗവൺമെൻറുഭാഗത്തുനിന്നു നിൎദ്ദേശിച്ചുള്ളു, കൊല്ലംതോറും വേണ്ടിവരുന്ന അദ്ധ്യാപകരുടെ എണ്ണം കണക്കാക്കി നിയമനത്തിനു് അൎഹതയുള്ളവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ പബ്ളിക്ക്സർവീസ്കമ്മീഷനു് ഏല്പിക്കാമല്ലോ എന്നു്. ആ നിൎദ്ദേശത്തെ എതിൎക്കാൻ യാതൊരുമെമ്പൎക്കും ധൈൎയ്യം വന്നില്ല; എന്നല്ല പിന്നോക്കസമുദായങ്ങളെ സംബന്ധിച്ചിടത്തോളം പബ്ളിക്ക്സർവീസ്കമ്മീഷൻ ലിസ്റ്റ് തയ്യാറാക്കുക എ

ന്നതു് വിശേഷിച്ചും സ്വാഗതാർഹമായിത്തീന്നു. ബില്ലിലെ എല്ലാ വ്യവസ്ഥകളെസംബന്ധിച്ചും തീവ്രമായ വാദപ്രതിവാദം നടന്നശേഷം മാനേജ്മെൻറുകൾക്കു് ദുസ്സഹമായിത്തോന്നിയ വ്യവസ്ഥകൾ ഓരോന്നും തിരുത്തിയെഴുതി കരടുബില്ല് ഒട്ടേടം പൊളിച്ചെഴുതിക്കൊണ്ടാണു് സിലക്ക്കമ്മററി റിപ്പോർട്ടെഴുതി സമർപ്പിച്ചതു്. അങ്ങിനെ പരിഷ്കരിച്ചു് അവതരിപ്പിച്ച ബിൽ പിന്നീടു് നിയമസഭയിൽ 4 ദിവസത്തെ വാദപ്രതിവാദത്തിനു വിഷയമായി. കാർഷികബന്ധ ബില്ലൊഴിച്ചാൽ ഇത്രയും ദീർഘമായ ചർച്ചയ്ക്കു് പാത്രീഭവിച്ച മറെറാരുബില്ലില്ല. 1957 സെപ്തംബർ അവസാനത്തോടുകൂടി പാസ്സാക്കിയ വിദ്യാഭ്യാസബിൽ ആ മാസത്തിൽതന്നെ ഗവർണ്ണറുടെ കയ്യൊപ്പുംവാങ്ങി രാഷ്ട്രപതിയുടെ അനുമതിയ്ക്കായി ഡെൽഹിയിലേയ്ക്കയച്ചു. അതിനുശേഷം പ്രക്ഷോഭകാരികളുടെ സമരമെല്ലാം ഡെൽഹിയിലേക്കുനീങ്ങി.

## സുപ്രീംകോടതിയിൽ പ്രിററിൻെറ വാദം

നിയമസഭ പാസ്സാക്കിയ ബില്ലിൻെറ കരടും അതിൽ പിന്നീടു് ഗവൺമെൻറു്ഭാഗത്തുനിന്നുൾക്കൊള്ളിച്ച ഭേദഗതികളും അപ്പപ്പോൾ കേന്ദ്രഗവൺമെൻറിലെ നിയമവകുപ്പിൻെറയും ആഭ്യന്തരവകുപ്പിൻെറയും പരിശോധനയ്ക്കു് സമപ്പിക്കപ്പെട്ടിരുന്നു. മിക്കവാറും ആ വകുപ്പധികൃതന്മാരുടെ അംഗീകാരത്തോടുകൂടിയാണു് ബിൽ അതിൻെറ അവസാനരൂപത്തെ പ്രാപിച്ചതെന്നുപറഞ്ഞാൽ തെററാവുകയില്ല. മുൻകൂട്ടി അങ്ങനെ ഒരു പരിശോധനയ്ക്കു് പാത്രീഭവിച്ചിരുന്ന സ്ഥിതിക്കു് നിയമസഭ പാസ്സാക്കിയ രൂപത്തിൽ ബില്ലിനെ സ്വാഗതംചെയ്യു് രാഷ്ട്രപതിയുടെ അനുമതിയ്ക്കായി ശുപാർശചെയ്യുംവാൻ കേന്ദ്രഗവൺമെൻറിനു് വലിയ പ്രയാസമുണ്ടാവില്ലെന്നു് കേരളഗവൺമെൻറു് വിശ്വസിച്ചിരുന്നു.

പക്ഷെ ഡെൽഹിയിൽ താവളമുറപ്പിച്ച മാനേജർ വിഭാഗം കാൺഗ്രസ്സ് നേതാക്കന്മാരുടേയും മററും അനൗദ്യോഗിക ആശീർവാദത്തോടുകൂടി നടത്തിയ നിവേദനങ്ങളുടേയും മറ്റം ഫലമായിട്ടാണോ എന്നറിഞ്ഞുകൂടാ, കേന്ദ്രഗവൺമെൻറു് വിദ്യാഭ്യാസബില്ല് രാഷ്ട്രപതിയുടെ അനുമതിയ്ക്കായി അയയ്ക്കാതെ എട്ടൊൻപതുമാസക്കാലംവെച്ചു താമസിപ്പിച്ചുകളഞ്ഞു. ഒടുവിൽ അറേറാർണി ജനറലുടെ നിർദ്ദേശമനുസരിച്ചു് ബില്ലിലെ ഏതാനും വകുപ്പുകൾ ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഭരണഘടനാവിരുദ്ധമാണോ അല്ലയോ എന്നറിയുന്നതിലേയ്ക്കു് സുപ്രീംകോടതിയുടെ അഭിപ്രായം ആരായുവാൻ രാഷ്ട്രപതി തീരുമാനിച്ചതായി കേന്ദ്രഗവൺമെൻറിൽനിന്നു് കേരളഗവൺമെൻറിനു് അറിവു നൽകി. സുപ്രീംകോടതിയിൽ അറേറാർണിജനറലിനുപുറമേ മാനേജർ വിഭാഗത്തിൻെറ അഭിഭാഷകന്മാരും ബില്ലിലെ ഏതാനും വകുപ്പുകൾ ഭരണഘടനാവിരുദ്ധങ്ങളാണെന്നു് വാദിച്ചു. കേരളഗവൺമെൻറിൻെറപേർക്കു് വാദം നടത്തിയതു് സുപ്രസിദ്ധഅഭിഭാഷകനായ മി. ഡി. എൻ. പ്രിററാണു്. സംസ്ഥാനത്തെ അഡ്വക്കേററു് ജനറലിൻെറ സഹായത്തോടുകൂടി മി. പ്രിററു് നടത്തിയ വാദം ഇന്ത്യയിലെ സുപ്രീംകോടതിയിൽ അഭൂതപൂർവമായ ഒരു വഴക്കം തന്നെ ഉണ്ടാക്കിയെന്നുപറയാം. വാദങ്ങൾകേട്ടു് അധികം താമസിയാതെ സുപ്രീംകോടതി അതിന്റെ അഭിപ്രായം രേഖപ്പെടുത്തി. റഫർചെയ്ത കാര്യങ്ങളിൽ ഒരെണ്ണത്തെ സംബന്ധിച്ചുമാത്രമേ കോടതി എതിരഭിപ്രായം രേഖപ്പെടുത്തിയുള്ളു. പ്രൈവററുസ്കൂളുകൾ ഏറെറടുക്കുവാൻ ഗവൺമെൻറിനെ അധികാരപ്പെടുത്തുന്ന വകുപ്പുകൾ ഭരണഘടനയിൽ 30 (1) വകുപ്പനുസരിച്ചു് ന്യൂനപക്ഷങ്ങൾക്കു് കൈവന്നിട്ടുള്ള അവകാശത്തെ ബാധിക്കുമെന്നും തന്നിമിത്തം ന്യൂനപക്ഷസ്കൂളുകളെ സംബന്ധിച്ചിടത്തോളം ആ വകുപ്പുകൾ അ

പ്രബലങ്ങളായിരിക്കുമെന്നുമാണ് സുപ്രീംകോടതി അഭിപ്രായപ്പെട്ടതു്. ഇത്രയും രേഖപ്പെട്ടത്തിയപ്പോൾത്തന്നെ മാനേജർവിഭാഗം തങ്ങൾ ഒരു മഹാവിജയം കൈക്കലാക്കിയെന്നു് നാടാകെ പ്രഘോഷണം നടത്തി. പക്ഷെ വാസ്തവമെന്താണു്? മദ്ധ്യതിരുവിതാംകൂറിൽനിന്നു പടപ്പുറപ്പെട്ട കത്തോലിക്കാ മാനേജരന്മാരുടെ ഏററവും വലിയ എതിർപ്പു്, പബ്ളിക്കു്സർവീസു് കമ്മീഷനെക്കൊണ്ടു് ലിസ്റ്റു തയ്യാറാക്കിക്കുവാനും അദ്ധ്യാപകന്മാർക്കുമററും നേരിട്ടു ശമ്പളം കൊടുക്കുവാനും അവരുടെ സർവീസിനു് ന്യായമായ പരിരക്ഷനൽകുവാനും ഉള്ള വകുപ്പുകളോടായിരുന്നു. മതസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സ്കൂളുകൾ ഏതടിയന്തിരാവസ്ഥയിലും ഏറെറടുക്കുവാൻ പാടില്ലെന്നു് ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നു. ആ സ്ഥിതിക്കു് ഏറെറടുക്കലിനെച്ചൊല്ലി അത്രയൊന്നും പരാതിപ്പെടാൻ കാരണമില്ലായിരുന്നു എന്നുള്ളതാണു് പരമാർത്ഥം. പക്ഷെ ഒരു കാര്യം. ഡെൽഹിയിലും കേന്ദ്രഗവൺമെൻറിൻെറ സന്നിധിയിലും ഊന്നിപ്പറയാമായിരുന്നതു് ന്യനപക്ഷങ്ങളുടെ അവകാശത്തെ കുതിര കയറുന്നു എന്നതു മാത്രമാണു്. അദ്ധ്യാപകരെ നിയമിക്കുന്നതിൽ തോന്നിയവാസത്തിനു സൗകര്യംവേണം, ഗ്രാൻറു് ബിൽ 'ക്യാഷ്'' ചെയ്തു് പണം വാങ്ങി ശമ്പളം വിതരണം ചെയ്യുന്നതിൽ തട്ടിപ്പും വെട്ടിപ്പും നടത്താൻ സ്വാതന്ത്ര്യം വേണം എന്നൊക്കെയുള്ള സംഗതികൾ കാര്യവിവരമുള്ള മനുഷ്യരുടെമുമ്പിൽ എങ്ങിനെ ഉയർത്തിപ്പിടിക്കും? മാനേജർവിഭാഗം ഈ ധർമ്മസങ്കടത്തിൽ നിന്നുകൊണ്ടാണു് സുപ്രീംകോടതിയെ അഭയംപ്രാപിച്ചതു്. കോടതിയാണെങ്കിൽ ധനസഹായമെല്ലാം ഗവൺമെൻറിൽനിന്നു് വാങ്ങണമെന്നുണ്ടെങ്കിൽ നിയമനാദികാര്യങ്ങളെ സംബന്ധിച്ച് ബില്ലിൽ കൊള്ളിച്ച വ്യവസ്ഥകൾ അനുസരിച്ചേതീരൂ എന്നുള്ള അഭിപ്രായമാണു് പറഞ്ഞുകളഞ്ഞതു്. ബിൽ

MG16



നടപ്പായാൽ മതസ്വാതന്ത്ര്യം അറബിക്കടലിൽ താഴും എന്നു ള്ള പ്രചാരവേലയ്ക്കും രക്ഷകിട്ടിയില്ല സുപ്രീംകോടതിയിൽ.

## എന്താണീ ന്യൂനപക്ഷം?

ഇതൊക്കെ പോകട്ടെ. ഭരണഘടനയിലെ 30 (1) വകു പ്പിൻെറ കീഴിൽ ദേശസാൽക്കരണ നടപടികളിൽനിന്നും മോചനം ലഭിക്കാൻ അർഹതയുള്ള സ്കൂളുകളാണോ കേരള ത്തിൽ ക്രസ്ത്യൻ മാനേജ്മെൻറുകൾ നടത്തിപ്പോരുന്ന സ്കൂളു കളെല്ലാം? ആണെന്നാണ് ക്രസ്ത്യൻ മാനേജ്മെൻറുകളുടെ പിടിവാദം. പക്ഷെ സുപ്രീംകോടതിയിൽ ആ വാദം അംഗീ കരിച്ചില്ല. കേരളത്തിൽ ക്രസ്ത്യാനികളും, മുസ്ലീങ്ങളും മററും ന്യൂനപക്ഷങ്ങളാണെന്നുള്ള അഭിപ്രായം രേഖപ്പെടുത്തിയെ ങ്കിലും ആ സമുദായങ്ങളുടെ വകയായി നടത്തുന്ന ഏതു സ്കൂളും ന്യൂനപക്ഷ സ്ക്കൂളായി കണക്കാക്കിക്കൊള്ളണം എന്നു വ്യക്തമായി പറഞ്ഞിട്ടുണ്ടോ സുപ്രീം കോടതി? ഇല്ല; തീർച്ചയായുമില്ല. അങ്ങനെ ഒരഭിപ്രായം തീർത്തു പറഞ്ഞി ട്ടുണ്ടെങ്കിൽ ഈ രാജ്യത്തുള്ള ഏതു സ്ക്കൂളും ഒരു ന്യൂനപക്ഷ ക്കാരൻെറ മാനേജ്മെൻറിൽ ആയിപ്പോയാൽ ന്യൂനപക്ഷ സ്ക്കൂളായെന്ന് സമ്മതിക്കേണ്ടിവരും. അമ്മാതിരിയുള്ള ഒരു വിഡ്ഢിത്തമുണ്ടോ സുപ്രീംകോടതി പറയുന്നു! ന്യൂനപക്ഷ സ്കൂൾ ഇന്നതായിരിക്കണമെന്നതിനെപ്പററി ചില സൂചനകൾ നല്കിയിട്ടുണ്ട് സുപ്രീംകോടതി. ന്യൂനസമുദായത്തിലെ കുട്ടി കളാണ് നൂറുശതമാനവുമെങ്കിൽ സ്കൂൾ ന്യൂനപക്ഷത്തിൻേറ താകാം. കുറഞ്ഞൊരു ശതമാനം കുട്ടികൾ അന്യസമുദായങ്ങ ളിൽ പെട്ടവരാണെങ്കിൽപ്പോലും ന്യൂനപക്ഷസ്കൂളായി നില നില്ക്കാം ആ സ്കൂളിനു്. ഏതാണ്ട് ഈ രീതിയിലാണു് സു പ്രീംകോടതി ന്യൂനപക്ഷ സ്ക്കൂളിനെപ്പററി കഷ്ടിച്ചൊന്നു പറഞ്ഞുവച്ചിട്ടുള്ളതു്. അതെങ്ങിനെയുമിരിക്കട്ടെ. ന്യൂന പക്ഷ സ്ക്കൂളായാലും അല്ലെങ്കിലും ബില്ലിന്റെ പരിധിയിൽ

വരുന്നതു് താഴെപ്പറയുന്ന വിധത്തിലാണെന്നു് സുപ്രീംകോടതി നല്ലപോലെ വിശദമാക്കിയിട്ടുണ്ടു്.

1. ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ

ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ, ഭാഷാ ന്യൂനപക്ഷത്തിന്റെ സ്കൂളുകളാണു്. കേരളത്തിൽ എട്ടോ പത്തോ കാണും അമ്മാതിരി സ്കൂളുകൾ. അവയ്ക്കു് ഭരണഘടന അനുസരിച്ചുതന്നെ ഇതുകാലത്തോളം ഇന്നതോതിൽ ധനസഹായം ചെയ്തുകൊള്ളണം എന്നുണ്ടു്. എറ്റെടുക്കൽ വകുപ്പുകൾ അവയ്ക്കു ബാധകമായിക്കൂടാ. മററു് പ്രൈവററു് സ്കൂളുകൾക്കു് ലഭിക്കുന്നതോതിൽ ധനസഹായം കിട്ടണം എന്നു നിശ്ചയിക്കുകയാണെങ്കിൽ ആംഗ്ലോ–ഇന്ത്യൻ സ്കൂളുകളും ബില്ലിലെ മററുവകുപ്പുകൾക്കെല്ലാം വിധേയമായിക്കൊള്ളണം.

2. അംഗീകൃത സ്കൂളുകൾ (Recognised School)

ന്യൂനപക്ഷങ്ങൾക്കായാലും ഭൂരിപക്ഷങ്ങൾക്കായാലും നടത്താവുന്നവയാണു് അംഗീകൃത സ്കൂളുകൾ. ധനസഹായം ഗവൺമെൻറിൽനിന്നു വാങ്ങരുതെന്നേയുള്ളൂ. ഒരു നിശ്ചിത പരിധിയ്ക്കുള്ളിൽനിന്നുകൊണ്ടു് വിദ്യാർത്ഥികളിൽ നിന്നു് ഫീസ്സ് ഈടാക്കാം അമ്മാതിരി സ്കൂളുകൾക്കു്. അവയിലെ അദ്ധ്യാപകന്മാർ പബ്ലിക്ക് സർവ്വീസ്സ് കമ്മിഷൻെറ ലിസ്റ്റിൽനിന്നു് തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കണമെന്നില്ല. അവർക്കുള്ള ശമ്പളം അവരും മാനേജ്മെൻറുംതമ്മിൽ ചെയ്തിട്ടുള്ള ഒരു ഉടമ്പടിഅനുസരിച്ചു് കൊടുത്താൽ മതിയാകും. കൃസ്ത്യാനികൾക്കും മററും ഭരണഘടനയിലെ 30 (1) വകുപ്പിൻെറ തണലിൽ സാമുദായിക-സാംസ്കാരിക താല്പര്യങ്ങൾ പരിരക്ഷിക്കുമാറു് സ്കൂളുകൾ നടത്തണമെന്നുണ്ടെങ്കിൽ അതിനു വേണ്ടുവോളം സൗകര്യം കൊടുക്കുന്ന ഒന്നാണു് അംഗീകൃത സ്കൂൾ. ആ സ്കൂളിലെ പാഠക്രമത്തിൽ ഗവൺമെൻറു്

അംഗീകരിച്ചിട്ടുള്ള പാഠപദ്ധതി അന്തർഭവിച്ചിരിക്കുകയും പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ ഡിപ്പാർട്ടുമെന്റ് നിർദ്ദേശിക്കുന്ന യോഗ്യതകൾ ഉള്ളവരായിരിക്കുകയും ചെയ്യണമെന്നേയുള്ളു.

3. സാധാരണരീതിയിലുള്ള പ്രൈവററു സ്കൂളുകൾ.

വാസ്തവത്തിൽ കേരളത്തിലുള്ള പ്രൈവററു സ്കൂളുകൾ എല്ലാംതന്നെ ഇത്തരമാണ്. അവ ന്യൂനപക്ഷക്കാരുടേതാകാം, ഭൂരിപക്ഷക്കാരുടേതുമാകാം. ഗവൺമെൻറിൽനിന്ന് ശമ്പളഗ്രാൻറും മെയിൻറനൻസ് ഗ്രാൻറും വാങ്ങി ഡിപ്പാർട്ടുമെൻറു നിർദ്ദേശിച്ചിട്ടുള്ള പരിപാടി അനുസരിച്ച് സമുദായഭേദമില്ലാതെ വിദ്യാർത്ഥികളെ ചേർത്ത് നടത്തിയാൽ സാധാരണ രീതിയിലുള്ള സ്കൂളുകളായി. ക്രിസ്ത്യാനികളാണ് അവയുടെ മാനേജ്മെൻറു വഹിക്കുന്നത് എന്നുള്ള ന്യായത്താൽ അവ ന്യൂനപക്ഷ സ്കൂളുകളാകണമെന്നില്ല. ആണെന്ന് വല്ലവരും വാദിച്ചാൽതന്നെയും അവ ഇന്നു നടക്കുന്ന രീതിയിൽ സക്കാരിൽനിന്നുള്ള എല്ലാത്തരം സഹായങ്ങളും വാങ്ങുന്നകാലത്തോളം യഥാർത്ഥത്തിൽ ന്യൂനപക്ഷ സ്കൂളുകളല്ല. മാനേജ്മെൻറു ന്യൂനപക്ഷത്തിൻെറ കയ്യിലാണെന്നു വച്ച് അവയൊന്നും ഏറെറടുത്തുകൂടാ എന്നാണെങ്കിൽ അതൊരു കോടതി തീർച്ചപ്പെടുത്തേണ്ടതാണ്. ഒരു സംഗതി സമ്മതിക്കാം. ഇന്നു ക്രിസ്ത്യൻ മാനേജ്മേൻറിലുള്ള സ്കൂളുകൾ സാമുദായിക താല്പര്യം സംരക്ഷിക്കുവാൻവേണ്ടി സ്കൂൾ സമയത്തിനു മുമ്പോ പിമ്പോ മതപാഠം ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടവ ന്യൂനപക്ഷ സ്കൂളുകൾ ആകുന്നുണ്ടോ? ഉണ്ടെങ്കിൽ ഗവൺമെൻറിനു വിരോധമില്ല. നിയമം നടപ്പായാൽ ഇതേവരെ നടന്നതുപോലെയുള്ള മതപാഠങ്ങൾക്ക് ആ സ്കൂളുകളിൽ സൗകര്യം കിട്ടും. നിയമമോ ഗവൺമെൻേറാ അതിനെ തടയുകയില്ല. പക്ഷെ, ഇതു ന്യൂനപക്ഷങ്ങളുടെ മാനേജ്മെൻറിലുള്ള സ്കൂളുകൾക്കു മാത്രമല്ല എല്ലാ

പ്രൈവററു് സ്കൂളുകൾക്കും അവകാശപ്പെടാവുന്ന സ്വാതന്ത്ര്യമാണു്.

4. വിഭാഗീയ സ്കൂളുകൾ (Denominational Schools)

പരമാർത്ഥത്തിൽ ന്യൂനപക്ഷങ്ങളുടെ സാംസ്കാരിക താല്പര്യങ്ങളെ മുൻനിർത്തി നടത്തുന്ന സ്കൂളുകൾ വിഭാഗീയ സ്കൂളുകളായിരിക്കണം. ഇന്ത്യയിൽ "സെവൻത്തു് ഡേ അഡ്വൻറിസ്റ്റ്സ്" നടത്തിപ്പോരുന്ന സ്കൂളുകളെല്ലാം വിഭാഗീയ സ്കൂളുകളാണു്. കേരളത്തിൽ, കൊട്ടാരക്കര, അവരുടെ വക ഒരു ഹൈസ്കൂളുണ്ടു്. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും "കത്തോലിക്കാ സ്കൂളുകൾ" എന്ന പേരിൽ നടത്തുന്നവയെല്ലാം വിഭാഗീയ സ്കൂളുകളാണു്. ഗവൺമെൻറിൽനിന്നു് അവയ്ക്കു് ധനസഹായമില്ല. അവയിൽ അനുസരിക്കുന്ന പാഠപദ്ധതി അവയുടെ അധികൃതന്മാർ തയ്യാറാക്കിയതായിരിക്കും. ഗവൺമെൻറിനു് യുക്തമായി തോന്നിയാൽ ആ പാഠപദ്ധതി അംഗീകരിക്കാം. അല്ലെങ്കിൽ അംഗീകരിയ്ക്കാതിരിക്കാം. പാഠപദ്ധതിയും മററും ഗവൺമെൻറു് അംഗീകരിയ്ക്കുകയാണെങ്കിൽ വിഭാഗീയ സ്കൂളുകൾ അംഗീകൃത സ്കൂളുകളുടെ ഫലം ചെയ്യും.

ഇവിടെ പ്രൈവററു്മാനേജ്മെൻറുകളുടെ കീഴിലുള്ള സ്കൂളുകൾ എല്ലാംതന്നെ മൂന്നാമത്തെ ഇനത്തിൽപ്പെട്ടവയാണു്. കൃസ്ത്യൻ മാനേജ്മെൻറുകൾക്കു് നിർബന്ധമുണ്ടെങ്കിൽ തങ്ങളുടെ സ്കൂളുകളെ അംഗീകൃത സ്കൂളുകളായോ വിഭാഗീയ സ്കൂളുകളായോ മാററാവുന്നതാണു്. അതിനൊന്നും നിയമം തടസ്സമാവുകയില്ല. അദ്ധ്യാപക നിയമനാദി കാര്യങ്ങളിൽ തികച്ചും സ്വാതന്ത്ര്യമുണ്ടായിരിക്കും. അങ്ങിനെ പരിവർത്തനം ചെയ്യുന്ന സ്കൂളുകൾക്കു് ആ സ്വാതന്ത്ര്യവും നഷ്ടപ്പെട്ടിരിക്കുന്നു എന്നു് കൃസ്ത്യൻ മാനേജ്മെൻറു

കൾ പ്രചാരവേലചെയ്യുന്നതു് സംസ്ഥാനത്തിനു പുറത്തുള്ള ജനങ്ങളെ കല്പിച്ചുകൂട്ടി തെററിദ്ധരിപ്പിക്കുന്നതിനാണു്.

## രാഷ്ട്രപതിയുടെ അംഗീകാരം

സുപ്രീംകോടതിയുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ബിൽ ഭേദഗതിചെയ്തു് അയയ്ക്കുവാൻ രാഷ്ട്രപതി 1958 ജൂൺ 28-ാം തീയതി കേരള നിയമസഭയോടു് ഗവർണ്ണർ വഴിക്കു് ആവശ്യപ്പെട്ടു. അതനുസരിച്ചു് 1958 നവംബർ 24-ാം തീയതി കൂടിയ നിയമസഭ സമ്മേളനത്തിൽ ഭേദഗതികൾ അവതരിപ്പിച്ചു പാസ്സാക്കുകയും 1959 ജനുവരി 1-ാം തീയതി ബിൽ തിരിച്ചയക്കുകയും ചെയ്തു. ബിൽ അതിന്റെ ആദ്യത്തെ രൂപത്തിലും പിന്നീടു ഭേദഗതിചെയ്ത രൂപത്തിലും നിയമസഭയിൽ പാസ്സാക്കിയെടുത്ത ഘട്ടങ്ങളിൽ കാൺഗ്രസ്സായാലും പി. എസ്സ്. പി, ആയാലും ലീഗായാലും, പോൾ ആവശ്യപ്പെടുകയുണ്ടായില്ല എന്ന സംഗതി വളരെ അത്ഥവത്തായ ഒന്നാണു്. വിദ്യാഭ്യാസബിൽ പ്രക്ഷോഭക്കാരികൾ അവകാശപ്പെടാറുള്ളതുപോലെ ഉഗ്രമായ എതിർപ്പിനു പാത്രീഭവിച്ചിട്ടും നിയമസഭയ്ക്കകത്തു് അതിനെ ചൊല്ലി ഉണ്ടായ പ്രതിഷേധവും ആക്രമണവും ഒരു പരിധിയ്ക്കപ്പുറം പോവുക ഉണ്ടായില്ല ഒരു ഘട്ടത്തിൽ.

ഭേദഗതി ചെയ്തയച്ച ബിൽ വീണ്ടും അനുമതി കിട്ടാതെ തിരിച്ചു വരുമെന്നു് വിരുദ്ധമതികൾ പലരും ദീർഘദർശനം ചെയ്തുവെങ്കിലും ആ ദൗർഭാഗ്യം സംഭവിക്കാതെ ആ ബിൽ 1959 ഫെബ്രുവരി 19-ാം തീയതി രാഷ്ട്രപതിയുടെ അനുമതി സമ്പാദിച്ചു് തിരിച്ചുവന്നു് ഗസറ്റു് നോട്ടിഫിക്കേഷനുശേഷം ഒരു ആക്ട് ആയി തീർന്നു.

## മന്നത്തിന്റെ പുറപ്പാടു്

വിദ്യാഭ്യാസ ബില്ലിന്റെ ചരിത്രം ഇനി മറെറാരദ്ധ്യായത്തിലേക്കു് കടക്കാൻ പോവുകയാണു്. 1958-59 സാമ്പ

ത്തികവർഷം അവസാനിക്കാറായപ്പോഴേക്കേ ബിൽ ആക്ടാ യിതീർന്നുള്ളു. തന്നിമിത്തം 1959-60 ൽ അതിലെ എല്ലാ വകുപ്പുകളും നടപ്പാക്കത്തക്കവണ്ണം എല്ലാ സജ്ജീകരണങ്ങളും കാലേക്കൂട്ടി ചെയ്യുവാൻ സമയം പോരാതായി. എന്നിരുന്നാലും നിയമസഭയുടെ തൊട്ടടുത്ത സമ്മേളനത്തിൽ കഴിയാവുന്നിടത്തോളം വകുപ്പുകൾക്ക് റൂളുകൾ തയ്യാറാക്കി സമർപ്പിക്കുവാൻതന്നെ ഗവൺമെൻറു തീർച്ചയാക്കി. മലബാർ കൊച്ചി തിരുവിതാംകൂർ ഭാഗങ്ങളിൽ വെവ്വേറെ നിലവിലിരുന്ന വിദ്യാഭ്യാസ കോഡുകളുടെ വെളിച്ചത്തിലെ റൂളുകൾ ഉണ്ടാക്കുവാൻ പാടുണ്ടായിരുന്നുള്ളു. ആക്ടിലെ വ്യവസ്ഥകൾക്കനുസരണമായി പഴയ റൂളുകൾ പരിശോധിച്ചു തിരുത്തിയപ്പോൾ അവയിൽ പലതും തീരെ വിട്ടുകളയേണ്ടിവന്നിട്ടുണ്ട്. പിന്നെയും പുതിയ കാലസ്ഥിതിയനുസരിച്ച് പരിഷ്കരണീയങ്ങളായ കുറെ ഏറെ റൂളുകളും നടപടികളും അവശേഷിച്ചുകാണുകയുണ്ടായി. സക്കാർ മേഖലയിലും സ്വകാര്യമേഖലയിലും ഉള്ള സ്കൂളുകൾക്കു നിയമത്തിലെ മിക്കവകുപ്പുകളും ഒന്നുപോലെ ബാധകമായിട്ടുള്ള സ്ഥിതിക്കു് ആ സംശയഗ്രസ്ഥങ്ങളായ റൂളുകളും നടപടികളും ഭരിക്കുന്നപാർട്ടിയുടെമാത്രം ഉത്തരവാദിത്വത്തിന്മേൽ വിട്ടുകളയുകയോ തിരുത്തുകയോ ചെയ്യുന്നതല്ല ഉത്തമമെന്നും നിയമസഭയിൽ അവയെപ്പററി പൊന്തിവരുന്ന വിവിധ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഉപേക്ഷിക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്നതാവും നല്ല നടപടിയെന്നും കരുതുകയാൽ പ്രഥമപരിശോധനയ്ക്കുശേഷം തയ്യാറായി കിട്ടിയ റൂളുകളെല്ലാം ബഡ്ജററു് വിമർശനത്തിൻെറ അവസാനത്തോടുകൂടി ഗസററിൽ പ്രസിദ്ധീകരിക്കുകയും നിയമസഭയിൽ സമർപ്പിക്കുകയും ചെയ്തു.

അത്ര ആയപ്പോഴേക്കും വീണ്ടും പ്രക്ഷോഭണമായി. അതിൻെറ സൂത്രധാരന്മാർ പഴയവർതന്നെ. പക്ഷെ അടവൊ

ന്നമാററിയിരിക്കുന്നു. ബിൽ അവതരിപ്പിച്ചകാലത്തു് അതിന് അനുകൂലമായി പ്രസംഗിച്ച ശ്രീ. മന്നം ഇത്തവണ കത്തോലിക്കാ മാനേജരന്മാരുടെഭാഗം പിടിച്ചു് പ്രക്ഷോഭണം നയിക്കാൻ കോപ്പിട്ടിരിക്കയാണു്. കഴിയാവുന്നേടത്തോളം പ്രൈവററു് സ്കൂളുകൾ അടച്ചിടുക എന്നതാണു് മന്നത്തിന്റെ നേതൃത്വത്തിലുള്ള പ്രക്ഷോഭണത്തിന്റെ ഒന്നാമദ്ധ്യായം. രണ്ടാം അദ്ധ്യായത്തിലേക്കു് കടക്കുന്നതു് പൂട്ടിയിടാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളുകൾ പിക്കററുചെയ്യുംമററും അടപ്പിക്കുക എന്നതാണത്രേ. ഇതിനെപ്പററി നാടാകെ കോലാഹലമായിരിക്കുന്നു. ഇതോടൊന്നിച്ചു് മെത്രാന്മാരും മെത്രാപ്പോലീത്താമാരും ഒത്തൊരുമിച്ചു് പ്രഖ്യാപിച്ചിട്ടുണ്ടു്, സ്കൂൾ അടപ്പും അതോടൊന്നിച്ചാരംഭിക്കുന്ന സമരവുംകൊണ്ടു് വിദ്യാഭ്യാസ ബിൽ പിൻവലിപ്പിച്ചേ ഇരിക്കൂ എന്നു്. ദിവസം കഴിയുംതോറും പ്രക്ഷോഭണത്തിന്റെ നിറം മാറി മാറി വരുന്നില്ലേ എന്നു സംശയമുണ്ടു്. ഏതായാലും അതിനെപ്പററിയുള്ള ഒരു നീണ്ട വിവരണം ഇവിടെ അത്രതന്നെ പ്രസക്തമല്ലായ്കയാൽ അധികം പറയുന്നില്ല. മന്നത്തിന്റെയുംമററും പ്രഷോഭണങ്ങളിൽ ഇടക്കുവച്ചൊരുകാര്യം തേട്ടിതേട്ടിവന്നു. അതു മറെറാന്നുമല്ല; സംവരണത്തിന്റെകാര്യമാണു്. പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി കൊല്ലംതോറും നിയമിക്കേണ്ടിവരുന്ന അനേകായിരക്കണക്കിനു് അദ്ധ്യാപകന്മാരിൽ പിന്നോക്കസമുദായങ്ങൾക്കു് അവ അർഹിക്കുന്ന പ്രാതിനിദ്ധ്യം കൊടുക്കേണ്ടതാണെന്നാണു് വിദ്യാഭ്യാസ ബിൽ പാസ്സാക്കിയ ഗവൺമെന്റിന്റെ അഭിപ്രായം. നടപ്പാക്കാൻ പോകുന്ന നിയമത്തിലെ പതിനൊന്നാംവകുപ്പിന്റെ പ്രവർത്തനത്തിൽ പിന്നോക്കസമുദായങ്ങൾക്കുവേണ്ടിയുള്ള സംവരണം പരിഗണനീയമായിട്ടുണ്ടു്. ശ്രീ. മന്നവുംമററും ഉയർന്ന സമുദായക്കാരെ പ്രക്ഷോഭണത്തിനായി ഇളക്കിവിട്ടതു് സംവരണം ഉപേക്ഷിക്കേണ്ടകാലം വൈകി എന്നു പറഞ്ഞിട്ടാണു്.

ഈ പ്രസ്താവന വീണ്ടും വീണ്ടും വന്നപ്പോൾ പിന്നോക്കസമുദായക്കാരെല്ലാം ഇളകിവശായി. അവർ സംവരണം നില നിർത്തിയേ പററൂ എന്നടിച്ചുകൂടിവാദിക്കുകയും അതിനെചൊല്ലി മഹായോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗിക്കുകയും ചെയ്തു. അങ്ങനെ സംവരണത്തിൻെറപേരിൽ ഒരു സമുദായ സംഘർഷംതന്നെ കേരളത്തിൽ ഉണ്ടായിക്കഴിഞ്ഞിരിക്കയാണു്.

## പതിനൊന്നാം വകുപ്പു്

റൂളുകൾ ചർച്ചയ്ക്കു വന്നപ്പോൾ പുതിയ കാലസ്ഥിതി അനുസരിച്ചു് കൂടിയേ കഴിയൂ എന്നു തോന്നിയ മാററങ്ങളെല്ലാം ഗവൺമെൻറു് അംഗീകരിക്കുകതന്നെചെയ്തു. പൗരസ്വാതന്ത്ര്യപരമായി അദ്ധ്യാപകന്മാക്കും വിദ്യാർത്ഥികൾക്കും കിട്ടാനർഹതയുള്ള അവകാശങ്ങളൊക്കെത്തന്നെയും ഭേദഗതി ചെയ്തംഗീകരിച്ചു റൂളുകളിൽ വകവച്ചുകൊടുത്തു. ഒടുവിൽ ഏററവും തീവ്രമായ വിവാദത്തിനു പാത്രീഭവിച്ചതു് പതിനൊന്നാം വകുപ്പിനെ സംബന്ധിച്ചുള്ള റൂളാണു്. പ്രതിപക്ഷത്തുനിന്നുണ്ടായ നിർദ്ദേശങ്ങളെക്കൂടി വകയിരുത്തികൊണ്ടു് മാനേജരന്മാക്കു് പരമാവധി സൗകര്യം ഉണ്ടാകത്തക്കവിധം ലിസ്റ്റു് തയ്യാറാക്കുന്നതിലേയ്ക്കു് പബ്ലിക്കു് സർവീസ്കമ്മീഷനു് സ്വാതന്ത്ര്യം നൽകികൊണ്ടാണു് ഗവൺമെൻറുഭാഗത്തുനിന്നു് പതിനൊന്നാംവകുപ്പിൻെറ റൂളുകൾ ഭേദപ്പെടുത്തി പാസ്സാക്കിയെടുത്തിട്ടുള്ളതു്. പിന്നോക്കസമുദായങ്ങൾക്കു് കിട്ടാനർഹതയുള്ള വിതത്തിൽ യാതൊരു വെട്ടിക്കുറവും വരാത്തതരത്തിൽ പതിനൊന്നാംവകുപ്പു് പ്രാവർത്തികമാക്കുന്നതിൽ എന്തു വിട്ടുവീഴ്ചചെയ്യാനും തയ്യാറായിരിക്കുമെന്നു് റൂൾ പാസാക്കിയെടുത്ത അവസരത്തിൽ വീണ്ടുംവീണ്ടും ഗവൺമെൻറിൻെറ ഭാഗത്തുനിന്നു് ഉറപ്പുനൾകിയിട്ടുണ്ടു്.

ഇത്രയൊക്കെ ചെയ്തിട്ടും മദ്ധ്യതിരുവിതാംകൂറിലെ മാനേജരന്മാർ പ്രത്യേകിച്ചു് കത്തോലിക്കാ വൈദിക

അദ്ധ്യക്ഷന്മാർ വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്നതിന് എതിരാണ്. അവർക്ക് ഒന്നാമതായിവേണ്ടതു് അദ്ധ്യാപകനിയമനത്തിൽ പഴയമാതിരി താന്തോന്നിത്തമുള്ള ഒരു 'ബ്ലാങ്ക് ചെക്ക്" കിട്ടണമെന്നതാണ്. അങ്ങിനെ പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കുന്നില്ലെങ്കിൽ കത്തോലിക്കരുടെ സ്കൂളുകൾ കത്തോലിക്കാ സ്കൂളുകളായിരിക്കുകയില്ല എന്നും മതവും പള്ളിയുമെല്ലാം തന്നിമിത്തം അപകടത്തിലായിപ്പോകുമെന്നുമാണ് അവരുടെ വാദം. ഈ വാദത്തിനു് സാരമായ കാമ്പൊന്നുമില്ല. കത്തോലിക്കർ ഇത്രയുംകാലമായി നടത്തിപ്പോരുന്ന സ്കൂളുകളിലെല്ലാം കത്തോലിക്കരാണോ അദ്ധ്യാപകന്മാർ ? അല്ല; നിശ്ചയമായും അല്ല. ആ സ്കൂളുകളിൽ പെരുമാറിപ്പോന്നിട്ടുള്ളവർക്കേ ആ സത്യം അറിയൂ. കത്തോലിക്കാ മാനേജ്മെൻറിലുള്ള സ്കൂളുകളിൽ ഒരു നല്ലവിഭാഗം കന്യകാമഠങ്ങളുടെ വകയാണ്. ആ സ്കൂളുകളിൽ കന്യാസ്ത്രീകളെ അദ്ധ്യാപികമാരായി വയ്ക്കണം എന്നുള്ള നിർബന്ധം മെത്രാന്മാർക്കും മെത്രാപ്പോലീത്താന്മാർക്കും ഉണ്ട്. കന്യാസ്ത്രീകളല്ലാത്തവരെ നിയമിക്കുകയാണെങ്കിൽ മിക്കപ്പോഴും താല്ക്കാലികമായിട്ടേ നിയമിക്കാറുള്ളു. യോഗ്യതയുള്ള കന്യാസ്ത്രീകൾ വന്നെത്തിപ്പോയോ ആ "താല്ക്കാലികക്കാരെ" ഉടനേ ഇറക്കിവിടുകയായി. ഈ സ്വാതന്ത്ര്യം അഥവാ ദുഃസ്വാതന്ത്ര്യം ആക്ട് നടപ്പായാൽ നഷ്ടപ്പെട്ടേക്കുമെന്ന് അവർക്ക് ഭയമുണ്ട്. കന്യാസ്ത്രീകളുടെ നേതൃത്വത്തിലല്ലാതെ കത്തോലിക്കരുടെ വകയായിട്ടുള്ള സ്കൂളുകളിൽ കത്തോലിക്കാ അൽമേനികളെ നിയമിക്കണമെന്ന് വല്ല നിർബന്ധവുമുണ്ടോ മാനേജ്മെൻറുകൾക്ക് ? ഇന്നേവരെ കണ്ടേടത്തോളം ഇല്ല. ഒററക്കും തെററയ്ക്കും വല്ല സ്കൂളുകളിലും ആ വ്രതം പരിപാലിക്കുന്നുണ്ടാവാം. പൊതുവേ അങ്ങിനെയൊന്നില്ല. ഹിന്ദുക്കൾ പ്രത്യേകിച്ച് ബ്രാഹ്മണരും നായന്മാരും, കത്തോലിക്കരുടെ സ്കൂളുകളിൽ അദ്ധ്യാപകരായി നിയമിക്കപ്പെടാറുണ്ട്. പല സ്കൂളു

കളിലും അക്രൈസ്തവ അദ്ധ്യാപകർക്കാണ് മാനേജ്മെന്റിൽ സ്വാധീനമുള്ളത്. അവൈദികരായ കത്തോലിക്കരെ അദ്ധ്യാപകരാക്കുന്ന കാര്യത്തിൽ വൈദികമാനേജ്മെൻറുകൾക്ക് ഉത്സാഹം കുറവാണ്. ഒരുപക്ഷേ അസ്സാദികൾ "കാനോനകളെ" പിടിച്ചുപോലും (cannon of the catholic church) അവകാശവാദം ചെയ്യേക്കും എന്നുള്ള ഭയം വൈദികമാനേജ്മെൻറുകൾക്കുണ്ടാകാം. അതെന്തായാലും ശരി, പൊതുവേ കത്തോലിക്കരുടെ വകയായുള്ള സ്കൂളുകളിൽ കത്തോലിക്കരെമാത്രം അദ്ധ്യാപകരായി നിയമിച്ച് അന്തരീക്ഷം നിലനിർത്തേണ്ടതുണ്ടെന്നും, അതിനു ബാധകമായിത്തീരും പബ്ളിക്ക്സർവീസ് കമ്മീഷന്റെ ലിസ്റ്റിൽനിന്നു വേണം നിയമനം നടത്താൻ എന്നുള്ള വ്യവസ്ഥയെന്നും, കത്തോലിക്കാ മാനേജ്മെൻറുകൾക്കുവേണ്ടി, മെത്രാന്മാരും മെത്രാപ്പോലിത്തന്മാരും വിട്ടുവീഴ്ചയില്ലാതെ വാദിക്കുന്നതിൽ കാമ്പൊന്നുമില്ല. തങ്ങൾക്കു നിയമിക്കണമെന്നുള്ളവരെ അപ്പപ്പോൾ ട്രെയിനിംഗിനയപ്പിച്ച് ലിസ്റ്റിൽ കൊള്ളിക്കാൻ സാധാരണഗതിയിൽ മാനേജ്മെൻറുകൾക്കു പ്രയാസം ഉണ്ടാവാൻ ഇടയില്ല. പിന്നെന്തുകൊണ്ടു് തിരുസഭാനേതാക്കന്മാർ പതിനൊന്നാംവകുപ്പിന്നെതിരായി വാദിക്കുന്നു? തങ്ങൾക്കുതോന്നുംപോലെ ആളുകളെ നിയമിക്കുകയും ആവശ്യമെന്നുവരുമ്പോൾ ആ നിയമിച്ചവരെത്തന്നെ അടിച്ചു പുറത്താക്കുകയും ചെയ്യുക—ആ മഹത്തായ ഈശ്വരശുശ്രൂഷയ്ക്കുള്ള മൗലികാവകാശം തടയപ്പെട്ടുപോകുന്നതിലാകും അവക്കു ഖേദം.

## തിരുസഭയുടെ തന്ത്രപരമായ പ്രക്ഷോഭണം

മേലിൽ നിയമിക്കേണ്ടിവരുന്ന അദ്ധ്യാപകരൊക്കെ കമ്മ്യൂണിസ്റ്റുകളായിപ്പോയെങ്കിലോ—അതാണ് തിരുസഭാധികൃതന്മാരുടെ മറെറാരു ഭയം. ഭാവിതലമുറയിൽ അദ്ധ്യാപകരാകാൻ വരുന്നവരെയെല്ലാം കമ്മ്യൂണിസ്റ്റുകളാക്കാനോ അ

ല്ലാതാക്കാനോ കേരള വിദ്യാഭ്യാസനിയമത്തിനു കഴിവില്ല. സ്കൂളുകളിലും കാളേജുകളിൽനിന്നും പാസ്സായിവരുന്ന യുവതീയുവാക്കന്മാരിൽ അറിവു വർദ്ധിക്കുന്നതനുസരിച്ച് വന്നേക്കാവുന്ന മാനസിക പരിവൎത്തനങ്ങളെ നിരോധിക്കുവാൻ ആൎക്കെങ്കിലും കഴിയുമോ? അത്തരം പ്രവണതകൾ കണ്ടാൽ അദ്ധ്യാപകന്മാരെ ഇറക്കിവിടുവാൻ സ്വാതന്ത്ര്യം വേണമെന്നാണോ തിരുസഭാനേതാക്കന്മാരുടെ വാദം? ആ വാദം ഒരു ഗവൺമെൻറിനു് അംഗീകരിക്കുവാൻ വിഷമമാണു്. ഡിപ്പാർട്ടുമെൻറു് അംഗീകരിച്ച് നടപ്പാക്കിയിട്ടുള്ള പാഠപദ്ധതിയനുസരിച്ച് പഠിപ്പിക്കാൻ കൂട്ടാക്കാത്ത അദ്ധ്യാപകരുടെ പേരിൽ നടപടിയെടുക്കാം. അതിൽ കവിഞ്ഞതു് അനുവദിക്കാൻ വയ്യാ. സ്കൂളിൽ പ്രയോഗിക്കാൻ ആവശ്യമില്ലാത്ത പലപല സംഗതികളെക്കുറിച്ചും ഈ രാജ്യത്തെ പൗരന്മാരെന്ന നിലയിൽ അദ്ധ്യാപകന്മാൎക്കു് അഭിപ്രായമുണ്ടാകാം. അതിനുള്ള അവകാശ് സ്വാതന്ത്ര്യമില്ലേ? മാനേജ്മെന്റിന്റെ അഭിപ്രായമാണോ സിലബസ്സിൻെറ നാലതിരിനുള്ളിൽനിന്നു പഠിപ്പിക്കേണ്ടിവരുന്ന അദ്ധ്യാപകന്മാൎക്കെല്ലാം അവശ്യം ഉണ്ടായിരിക്കേണ്ട പ്രബുദ്ധതയുടെ മാനദണ്ഡം? അതാണു് മെത്രാന്മാരും മെത്രാപ്പോലിത്തമാരും ഉദ്ദേശിക്കുന്നതെങ്കിൽ അങ്ങനെയൊന്നു് നമ്മുടെ രാജ്യത്തെ പൊതുവിദ്യാലയങ്ങളിൽ സ്വീകാര്യമാവുകയില്ല എന്നു തീൎത്തുപറയേണ്ടിയിരിക്കുന്നു. കത്തോലിക്കാ സഭ വിജ്ഞാനത്തിനു കല്പിച്ചിട്ടുള്ള പരിമിതികൾക്കു വിധേയമായിവേണം വിദ്യാലയങ്ങൾ നടത്തുവാൻ എന്നാണു വാദമെങ്കിൽ അംഗീകൃത സ്കൂളുകളോ, വിഭാഗീയ സ്കൂളുകളോ സംഘടിപ്പിക്കുന്നതായിരിക്കും ഉത്തമം. പൊതുഖജനാവിൽനിന്നു് ധനസഹായം വാങ്ങി നടത്തുന്ന വിദ്യാലയങ്ങളിൽ പൊതുവിജ്ഞാനത്തിൻെറ അന്തരീക്ഷമേ അനുവദനീയമാകൂ. പൊതുവിദ്യാലയത്തിൻെറയും വിഭാഗീയ വിദ്യാലയത്തിൻെറയും നേട്ട

ങ്ങൾ ഒന്നിച്ചു കൈക്കലാക്കാനുള്ള തന്ത്രപരമായ പ്രക്ഷോഭണമാണ് കത്തോലിക്കാ മാനേജ്മെൻറുകൾ സംഘടിപ്പിക്കുന്നതു്. അതെ—തന്ത്രപരമായ പ്രക്ഷോഭണം—അതിരാഒളിച്ചുകിടക്കുന്ന രഹസ്യങ്ങൾ ഇനിയെങ്കിലും ജനങ്ങൾ മനസ്സിലാക്കിയാൽ കൊള്ളാം. ജനങ്ങൾ എന്നു പറയുമ്പോൾ കത്തോലിക്കാ സമുദായത്തിലെ ആൽമേനികളെക്കൂടി വിവക്ഷിക്കുന്നുണ്ടു്. വാസ്തവത്തിൽ ഈ രാജ്യത്തെ പാവപ്പെട്ട കത്തോലിക്കർക്കു് പറയത്തക്ക നേട്ടത്തിനൊന്നും സാദ്ധ്യതയില്ലാത്ത ഒരു രംഗത്തു് വൈദിക നേതൃത്വത്തിൻെറ അധികാരം പിന്നെയും പിന്നെയും അഷ്ടബന്ധമിട്ടുറപ്പിക്കാനുള്ള സമരമാണ് വിദ്യാലയനിയന്ത്രണപരമായി ഗവൺമെൻറുകൾ കൊണ്ടുവരുന്ന നയ്യാമിക നടപടികൾക്കെതിരായി തിരുസഭാധികൃതന്മാർ സംഘടിപ്പിക്കുന്നതെന്നു്, കത്തോലിക്കാ സ്കൂളുകളിൽനിന്നു് കണ്ണീരും കയ്യുംമായി ഇറങ്ങിപ്പോയിട്ടുള്ള അനേകശതം പാവങ്ങളുടെ കുടുംബങ്ങളെങ്കിലും ഓക്കുന്നതു നന്നായിരിക്കും. പതിനായിരക്കണക്കിനു കത്തോലിക്കരെ ബലി അപ്പിച്ചു നേടേണ്ട ദൈവകാര്യമൊന്നും വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം കത്തോലിക്കക്കില്ല. കത്തോലിക്കാ കുടുംബങ്ങളുടെ പശ്ചാത്തലവും പള്ളികളിലെ പാവനാന്തരീക്ഷവും, തിരുക്കമ്മ പരിശീലനവും സൺഡേ സ്കൂളുംവഴി സംജാതമാകാവുന്നതിലും കവിഞ്ഞ ഒരു സാംസ്കാരികപക്ഷപാതം കത്തോലിക്കാ ബാലികാബാലന്മാക്കുളവാക്കേണ്ടതില്ലെന്നാണു് എൻെറ എളിയ അഭിപ്രായം. കൃസ്തുദേവൻ അത്രതന്നെയും ഉദ്ദേശിച്ചിട്ടുണ്ടോ എന്നു സംശയമാണു്. സത്യധമ്മാദികൾ നിഷ്കൃഷ്ടമായി പരിശീലിച്ചുകൊണ്ടുള്ള കൃസ്തീയജീവിതം—അതാണു് കൃസ്തുവിൻെറ സന്ദേശം. "അന്നന്നത്തെ അപ്പം ഞങ്ങൾക്കു തരിക" എന്നുള്ള ഒരൊററ പ്രാത്ഥനയിന്മേൽ അടിയുറച്ചുനിൽക്കുന്ന കൃസ്തുധർമ്മത്തിൻെറ കാഹളവാദകന്മാർ, സ്കൂളുകൾ അടച്ചിട്ടു്

സമരം സംഘടിപ്പിച്ച് കുറുവടിരാഷ്ട്രീയം പ്രയോഗിച്ച് രാജ്യത്തിലെ നേതൃത്വം പിടിച്ചുപററുവാൻ കത്തോലിക്കരെ പ്രേരിപ്പിക്കുന്നതു് കഷ്ടമാണെന്നേ പറയാനുള്ളു.

**മന്നവും മെത്രാന്മാരും**

ശ്രീ. മന്നത്തിൻെറ പ്രസ്ഥാനം മെത്രാന്മാരുടേയും മെത്രാപ്പോലീത്താന്മാരുടേയും താല്പര്യത്തിൻെറ ശൈലിയിൽ തന്നെയുള്ളതാണോ ? ആണെന്നുപറഞ്ഞുകൂടാ. നിയമനത്തിൽ നായർക്കു് പ്രാതിനിദ്ധ്യം കുറഞ്ഞുപോകും എന്നുപറഞ്ഞാണു് ആരംഭിച്ചതെന്നിരുന്നാലും അദ്ദേഹം പ്രസ്ഥാനത്തെ ഇന്നുകൊണ്ടെത്തിച്ചതു് തനി രാഷ്ട്രീയത്തിലാണു്. വിദ്യാഭ്യാസരംഗത്തും കാർഷികരംഗത്തും വ്യവസായരംഗത്തുമെല്ലാം അദ്ധ്വാനിക്കുന്നവരുടെ അവകാശങ്ങൾ പരിരക്ഷിയ്ക്കാൻ ഉതകുംവണ്ണം പുതിയപുതിയ നിയമങ്ങളും നടപടികളും കൊണ്ടുവരുന്ന ഇന്നത്തെ ഗവൺമെൻറിനെത്തന്നെ കടപുഴക്കി എറിയണം എന്നാണു് ഇപ്പോൾ അദ്ദേഹത്തിൻെറ ആഹ്വാനം. ഈ മാററത്തിൽ അത്ഭുതപ്പെടാനില്ല. ചുരുക്കത്തിൽ അദ്ദേഹവും അനുയായികളും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താല്പര്യത്തിനു് എതിരായുള്ള ഒരു ഭരണനീതിക്കുവേണ്ടി നിലകൊള്ളുകയാണെന്നുവേണം വിചാരിക്കുവാൻ. താൻ ജനിച്ച കാലത്തിനുശേഷം ലോകം എത്രമാത്രം മുന്നോട്ടു പോയി എന്നു മനസ്സിലാക്കാൻ കൂട്ടാക്കാത്ത അദ്ദേഹത്തിനു് ഇത്തരം രാഷ്ട്രീയത്തിലേയ്ക്കു തിരിച്ചുപോകാൻ ബദ്ധപ്പാടുണ്ടാകാം. ഏതാണ്ടു് അതേ രാഷ്ട്രീയത്തിലേയ്ക്കു തിരിച്ചുപോയി ജനങ്ങളുടെ പ്രതിനിധികൾക്കു പകരം ദൈവംതമ്പുരാൻെറ പ്രതിനിധികൾ രാജ്യഭാരം ഏറെറടുക്കുന്ന ഒരു ദശയെ ഇന്നും സ്വപ്നം കാണുന്നവരാണു് തിരുസഭാധികൃതന്മാരായ തിരുമേനിമാർ. അപ്പോൾ ഇരു

കക്ഷികളും ഇന്നത്തെ ഗവൺമെന്റിനെതിരായി കൈകോൎത്തു പിടിച്ചിറങ്ങുന്നതിൽ ഔചിത്യമേയുള്ളു. പക്ഷെ, ഒന്നു പറയാം. പ്രബുദ്ധരായ കേരളത്തിലെ ജനങ്ങൾ നമ്മുടെ രാഷ്ട്രീയത്തിലെ ഈ പിന്തിരിപ്പൻ പ്രവണതകളെ മനസ്സറിഞ്ഞു് പ്രോത്സാഹിപ്പിക്കുകയില്ല; നിശ്ചയം. സ്കൂളടച്ച് ഈ രാജ്യത്തു് സാംസ്കാരിക അധഃപതനം വരുത്തിവയ്ക്കാനുള്ള എല്ലാ പരിപാടികളേയും അവർ എതിൎത്തുതോല്പിക്കുകയും ചെയ്യും.

---

BRANCH LIBRARY.
MANNARGHAT.
LOCAL LIBRARY AUTHORITY.

MG16

712
BRANCH LIBRARY.
MANNARGHAT.
PALGHAT LOCAL LIBRARY AUTHORITY